# 5

# ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക (BANK RECONCILIATION STATEMENT)

A4H9E7

**പഠനനേട്ടങ്ങൾ**

- *ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടികയുടെ അർത്ഥവും അതിന്റെ പ്രാധാന്യവും തിരിച്ചറിയുന്നു.*
- *ക്യാഷ് ബുക്കിന്റെയും പാസ് ബുക്കിന്റെയും നീക്കിയിരിപ്പുകൾക്ക് വ്യത്യാസം വരാനുള്ള കാരണങ്ങൾ കണ്ടെത്തുകയും അവ തിരിച്ചറിയുകയും ചെയ്യുന്നു.*
- *ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുന്നു.*
- *ക്യാഷ്ബുക്ക് പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പ് കണ്ടെത്തുന്നു.*

ഒരു ബിസിനസ്സ് സ്ഥാപനം അവരുടെ പണമിടപാടുകളും ബാങ്കിടപാടുകളും രേഖപ്പെടുത്തുന്നത് ക്യാഷ്ബുക്കിൽ ആണെന്ന് നമ്മൾ നാലാം അധ്യായത്തിൽ പഠിച്ചുവല്ലോ. ക്യാഷ് ബുക്ക് എന്നത് രൊക്കം പണത്തിന്റെയും ബാങ്കിലുള്ള പണത്തിന്റെയും ഒരു പ്രത്യേക കാലയളവിലെ നീക്കിയിരിപ്പ് തുകയെ സംബന്ധിച്ച വിവരങ്ങൾ നൽകുന്നു.

ഇങ്ങനെ ക്യാഷ് ബുക്ക് ബാലൻസ് ചെയ്തു കഴിഞ്ഞാൽ ക്യാഷ്യർ ബാങ്കിടപാടുകൾ വിശദമായി പരിശോധിക്കുകയും ബാങ്കിൽ നിന്ന് ലഭിക്കുന്ന പാസ്ബുക്ക് പ്രകാരം ക്യാഷ് ബുക്ക് കാലികമാക്കിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുകയും ചെയ്യണം. ബാങ്ക് പാസ്ബുക്ക് എന്നത് ബാങ്ക് അധികാരികൾ നൽകുന്ന നമ്മുടെ അക്കൗണ്ട് സംബന്ധമായ ഇടപാടുകളുടെ ഒരു പകർപ്പാണ്. ഈ പകർപ്പിന്റെ സഹായത്തോടെ ഒരു ബാങ്ക്, തന്റെ ഉപഭോക്താവിന് ക്യാഷ്ബുക്കിലെ ഇടപാടും പാസ്ബുക്കിൽ രേഖപ്പെടുത്തിയ ഇടപാടും താരതമ്യം ചെയ്യാൻ അവസരം നൽകുന്നു. ചിത്രം 5.1 ൽ ഒരു കറണ്ട് അക്കൗണ്ടുള്ള ഉപഭോക്താവിന്റെ ബാങ്ക് പാസ്ബുക്കിന്റെ മാതൃക നൽകിയിരിക്കുന്നു.

യഥാർഥത്തിൽ പാസ്ബുക്കിന്റെ നീക്കിയിരിപ്പും ക്യാഷ് ബുക്കിന്റെ നീക്കിയിരിപ്പും തുല്യമായിരിക്കണം. എന്നാൽ പ്രായോഗികമായി ഈ രണ്ടു നീക്കിയിരിപ്പുകൾ വ്യത്യസ്തമായിട്ടാണ് കാണപ്പെടുന്നത്. ബാങ്ക് പാസ്ബുക്കിൽ നിക്ഷേപിക്കുന്ന പണത്തിന്റെ ഇടപാടുകൾ ക്രെഡിറ്റ് ഭാഗത്തും പിൻവലിക്കുന്ന ഇടപാടുകൾ ഡെബിറ്റ് ഭാഗത്തും കാണിക്കുന്നു. ക്രെഡിറ്റ് ഭാഗം ഡെബിറ്റ് ഭാഗത്തേക്കാൾ

DHERENDRA NATIONAL BANK
CONNAUGHT PLACE

MULTI-MODULE PACKAGE
STATEMENT OF ACCOUNT
FROM 01/08/2010 TO 29/109/2010

DATE : 01/10/2010
OPID : GK
PAGE NO. : 1

ACCOUNT NO. 03355
NAME : DEV PANDIT
KHADWAI, RUNAKUTA, DELHI

PIN CODE : 110034

| *DATE* | *PARTICULARS* | *CHEQUE No.* | *DEBIT Rs. P.* | *CREDIT Rs. P.* | *BALANCE Rs. P.* | *– REMARKS* |
|---|---|---|---|---|---|---|
| | | | | Opening Balance : | 50,782.30 | |
| 04/08/2010 | DELHI PLA | 356376 | 35,000.00 | | 15,782.30 | |
| 07/08/2010 | TO SELF | 356377 | 10,000.00 | | 5,782.30 | |
| 13/08/2010 | BY CLG | | | 10,673.00 | 16,455.30 | |
| 13/08/2010 | BY CLG | | | 9,143.00 | 25,598.30 | |
| 17/08/2010 | TO SELF | 356378 | 20,000.00 | | 5,598.30 | |
| 21/08/2010 | BY CLG | | | 25,808.00 | 31,406.30 | |
| 26/08/2010 | BY CLG | | | 32,949.00 | 64,355.30 | |
| 02/09/2010 | To SELF | 356381 | 30,000.00 | | 34,355.30 | |
| 04/09/2010 | DELHI PLASTIC | 356382 | 10,000.00 | | 24,355.30 | |
| 08/09/2010 | ICICI | 657755 | 6,074.00 | | 18,281.30 | |
| 09/09/2010 | BY CLG | | | 3,146.00 | 21,427.30 | |
| 13/09/2010 | TO SELF | 356380 | 9,500.00 | | 11,927.30 | |
| 15/09/2010 | BY CLG | | | 5,320.00 | 17,247.30 | |
| 15/09/2010 | BY CLG | | | 18,564.00 | 35,811.30 | |
| 16/09/2010 | TO SERVICE CHARGES | | 120.00 | | 35,691.30 | |
| 21/09/2010 | TO SELF | 356383 | 20,000.00 | | 15,691.30 | |
| 25/09/2010 | TO SELF | 356385 | 10,000.00 | | 5,691.30 | |
| 27/09/2010 | BY CLG | | | 16,198.00 | 21,889.30 | |

FOR DHERENDRA NATIONAL BANK
ACCOUNTANT/MANAGER

**ചിത്രം 5. 1 ബാങ്ക് പാസ്ബുക്കിന്റെ മാതൃക (കറണ്ട് അക്കൗണ്ട്)**

കൂടി നിന്നാൽ ക്രെഡിറ്റ് ബാലൻസും മറിച്ചാണെങ്കിൽ ഡെബിറ്റ് ബാലൻസും ആയിരിക്കും. ഡെബിറ്റ് ബാലൻസുകളെ ബാങ്ക് ഓവർഡ്രാഫ്റ്റ് എന്ന് പറയുന്നു.

## 5.1 ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടികയുടെ ആവശ്യകത (Need for Bank Reconciliation Statement)

പലപ്പോഴും ബാങ്ക് പാസ്ബുക്കും ക്യാഷ്ബുക്കും താരതമ്യം ചെയ്യുമ്പോൾ ഇവയുടെ ബാലൻസുകൾ ഒരേപോലെ കാണപ്പെടാറില്ല. ആയതിനാൽ ഒരു നിശ്ചിതദിവസം ക്യാഷ്ബുക്കിലും പാസ്ബുക്കിലും വ്യത്യാസം ഉണ്ടാകാൻ ഇടയാക്കിയ ഇടപാടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്നതിന് വേണ്ടി തയാറാക്കുന്ന പട്ടികയാണ് ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക അഥവാ ബാങ്ക് അനുരഞ്ജനപ്പട്ടിക. (Bank Reconciliation Statement)

ഒരു ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക തയാറാക്കാൻ പാസ്ബുക്കും, ക്യാഷ് ബുക്കും ആവശ്യമാണ്. ഇവ താരതമ്യം ചെയ്ത് വ്യത്യാസം ഉണ്ടായിട്ടുള്ള ഇടപാടും അവയുടെ തുകയും ചേർത്താണ് ഈ പട്ടിക തയാറാക്കുന്നത്. ചിത്രം 5.2 ൽ ഇത്തരം പട്ടികയുടെ ഒരു മാതൃക നൽകുന്നു.

| | വിവരണം | തുക |
|---|---|---|
| | ക്യാഷ്ബുക്ക് പ്രകാരമുള്ള ബാലൻസ് തുക | xxx |
| കൂട്ടുക(+) | ചെക്ക് കൊടുത്തു, പക്ഷേ ബാങ്കിൽ നിന്ന് പിൻവലിച്ചില്ല | xxx |
| | നിക്ഷേപത്തുകയ്ക്ക് ബാങ്ക് നൽകിയ പലിശത്തുക | xxx |
| കുറയ്ക്കുക(-) | ചെക്ക് ബാങ്കിൽ നിക്ഷേപിച്ചു, പക്ഷേ തുക വസൂലാക്കി ക്രെഡിറ്റ് ചെയ്തില്ല | xxx |
| | ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്ത ബാങ്ക് ചാർജുകൾ | xxx |
| | പാസ്ബുക്ക് പ്രകാരമുള്ള ബാലൻസ് | xxx |

**ചിത്രം 5.2 ഒരു ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടികയുടെ മാതൃക**

മുകളിൽ പറഞ്ഞതിനെ ഒരു ഇരട്ട കോളം പട്ടികയായി വേണമെങ്കിലും പ്രദർശിപ്പിക്കാവുന്നതാണ്. ഇതിൽ ഒരു കോളം കൂട്ടലുകളും (+) മറ്റൊന്ന് കുറയ്ക്കലുകളും (-) കാണിക്കുന്നു.

| | വിവരണം | തുക(+) | തുക (-) |
|---|---|---|---|
| | ക്യാഷ് ബുക്ക് പ്രകാരമുള്ള ബാലൻസ് തുക | xxx | |
| | ചെക്ക് കൊടുത്തു, പക്ഷേ ബാങ്കിൽ നിന്നും പിൻവലിച്ചില്ല | xxx | |
| | നിക്ഷേപത്തുകയ്ക്ക് ബാങ്ക് നൽകിയ പലിശത്തുക | xxx | |
| | ചെക്ക്ബാങ്കിൽ നിക്ഷേപിച്ചു, പക്ഷെ തുക വസൂലാക്കി ക്രെഡിറ്റ് ചെയ്തില്ല | | xxx |
| | ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്ത ബാങ്ക് ചാർജുകൾ | | xxx |
| | പാസ്ബുക്ക് പ്രകാരമുള്ള ബാലൻസ് | xxx | xxx |

**ചിത്രം 5.3 ഒരു ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടികയുടെ മാതൃക (ഇരട്ട നിര)**

ക്യാഷ്ബുക്കിന്റെയും പാസ്ബുക്കിന്റെയും ബാലൻസുകൾ വ്യത്യസ്തപ്പെടാനുള്ള കാരണങ്ങളെ രണ്ടായി തിരിക്കാം.

- വ്യത്യസ്ത സമയങ്ങളിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നത് മൂലം ഉണ്ടാകുന്ന വ്യതിയാനങ്ങൾ. ഇവയെ സമയഭിന്നത (Timing differences) എന്ന് പറയുന്നു.
- ബാങ്കോ, ഉപഭോക്താവോ ഉണ്ടാക്കുന്ന തെറ്റുകൾ മൂലമുള്ള വ്യത്യാസങ്ങൾ.

### 5.1.1 സമയ ഭിന്നത (Timing Differences)

പാസ്ബുക്കും ക്യാഷ്ബുക്കും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ചില വ്യതിയാനങ്ങൾ കാണാനിടയുണ്ട്. ഇവ പണം നിക്ഷേപിക്കുന്നതും പിൻവലിക്കുന്നതും രേഖപ്പെടുത്തുന്നതിലുള്ള സമയവ്യത്യാസം മൂലമാകാം. ഇത്തരം ഘടകങ്ങളെ ചുവടെ വിശകലനം ചെയ്യുന്നു.

### 5.1.1 (a) നൽകിയ ചെക്കുകളിൽ ബാങ്കിൽ സമർഷിക്കാത്തവ (Cheques issued by the bank but not yet presented for payment)

ഒരു ബിസിനസ്സ് സ്ഥാപനം തങ്ങളുടെ ക്രെഡിറ്റേഴ്സിന് ചെക്ക് നൽകിയാൽ അത് ഉടൻ തന്നെ ക്യാഷ്ബുക്കിന്റെ ക്രെഡിറ്റ് വശത്ത് രേഖപ്പെടുത്താറുണ്ട്. എന്നാൽ ചെക്ക് സ്വീകരിച്ച വ്യക്തി ചെക്ക് ബാങ്കിൽ സമർപ്പിച്ച് പണം പിൻവലിക്കാതിരിക്കാം. ബാങ്കിൽ ചെക്ക് സമർപ്പിക്കാത്തതിനാൽ ബാങ്ക് ഉപഭോക്താവിന്റെ അക്കൗണ്ടിൽ നിന്ന് ഈ തുക ഡെബിറ്റ് ചെയ്യില്ല. ഇക്കാരണത്താൽ സമയഭിന്നത മൂലം രണ്ടു ബാലൻസുകളും തമ്മിൽ വ്യത്യാസം വരാറുണ്ട്.

### 5.1.1 (b) ബാങ്കിൽ നിക്ഷേപിച്ച പിരിച്ചെടുക്കാത്ത ചെക്കുകൾ (Cheques paid into the bank but not yet collected)

ബിസിനസ്സിന്റെ ഉപഭോക്താക്കളിൽ നിന്നും ഡെബ്റ്റേഴ്സിൽനിന്നും ലഭിക്കുന്ന ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ചാൽ ഉടൻതന്നെ ബിസിനസ്സ് ഇവ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താറുണ്ട്. എന്നാൽ ബാങ്കുകൾ ചെക്കിന്റെ തുക ശേഖരിച്ച ശേഷം മാത്രമേ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാറുള്ളൂ, പ്രത്യേകിച്ച് ഇതര ശാഖകളുടെയോ ബാങ്കുകളുടെയോ ചെക്കുകൾക്ക് സമയം ആവശ്യമാണ്. ആയതിനാൽ ഈ സമയവ്യത്യാസം അക്കൗണ്ടുകളുടെ ബാലൻസിലെ വ്യത്യാസത്തിന് കാരണമാകുന്നു.

### 5.1.1 (c) സേവനങ്ങൾക്ക് ഉപഭോക്താക്കളിൽ നിന്നും ബാങ്ക് ചാർജുകൾ ഈടാക്കുമ്പോൾ (Direct debits made by the bank on behalf of the customer)

ബാങ്കുകൾ തങ്ങളുടെ ഉപഭോക്താക്കൾക്ക് വേണ്ടി പല സേവനങ്ങളും ചെയ്യാറുണ്ട്. ഇതിനായി ചാർജുകൾ ഈടാക്കുന്നുമുണ്ട്. ഈ പ്രതിഫലത്തുക അക്കൗണ്ടിൽ നിന്ന് ബാങ്ക് നേരിട്ട് കുറയ്ക്കുകയും ചെയ്യുന്നു. എന്നാൽ ഇക്കാര്യങ്ങൾ ബാങ്ക് സ്റ്റേറ്റ്മെന്റ് വരുമ്പോൾ മാത്രമേ ഉപഭോക്താവ് അറിയുകയുള്ളൂ. ഉദാഹരണത്തിന് പിഴപ്പലിശ, ആകസ്മികമായ കിഴിവുകൾ, ഓവർ ഡ്രാഫ്റ്റിന്റെ പലിശ, കളക്ഷൻ കിഴിവ് മുതലായവ. ഇക്കാരണത്താൽ ക്യാഷ്ബുക്കിന്റെയും പാസ്ബുക്കിന്റെയും ബാലൻസുകളിൽ വ്യത്യാസം സംഭവിക്കുന്നു.

### 5.1.1 (d) ഉപഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ടുള്ള നിക്ഷേപം (Amounts directly deposited in the bank account)

ചില സന്ദർഭങ്ങളിൽ ബിസിനസ്സിന്റെ ഉപഭോക്താക്കളോ ഡെബ്റ്റേഴ്സോ നേരിട്ട് സ്ഥാപനത്തിന്റെ അക്കൗണ്ടിൽ പണം നിക്ഷേപിക്കാം. ബാങ്ക് സ്റ്റേറ്റ്മെന്റ് വരുമ്പോൾ മാത്രമേ ബിസിനസ്സിന് ഇക്കാര്യം അറിയാൻ സാധിക്കൂ. ആയതിനാൽ ഇത്തരം ഇടപാടുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നതിന് സമയ വ്യത്യാസം ഉണ്ടാകുന്നു. ഇത് രണ്ടു ബാലൻസുകളും തമ്മിലുള്ള വ്യതിയാനത്തിന് കാരണമാകും.

### 5.1.1 (e) ബാങ്കുകൾ ശേഖരിച്ച പലിശയും ലാഭവിഹിതവും (Interest and dividends collected by the bank)

ഉപഭോക്താവിന് വേണ്ടി പലിശ, ലാഭവിഹിതം എന്നിവ ബാങ്കുകൾ ശേഖരിച്ച് അവരുടെ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്യാറുണ്ട്. ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭിക്കും വരെ ഇടപാടുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്താറില്ല. ഇതും വ്യതിയാനങ്ങൾക്ക് കാരണമാകുന്നു.

### 5.1.1 (f) ഉപഭോക്താവിന് വേണ്ടി ബാങ്കുകൾ നേരിട്ട് നടത്തുന്ന പണമടവുകൾ (Direct payments made by the bank on behalf of the customers)

സ്ഥായിയായ നിർദേശങ്ങൾക്കനുസൃതമായി ഉപഭോക്താവിന്റെ പല ചെലവുകളും ബാങ്കുകൾ നേരിട്ട് കൊടുക്കാറുണ്ട്. ഉദാഹരണമായി ടെലിഫോൺ ബില്ലുകൾ, ഇൻഷുറൻസ് തുക, വാടക, നികുതി എന്നിവ ബാങ്ക് നൽകുന്നത് മൂലം ബാങ്ക് ബാലൻസ് ക്യാഷ്ബുക്ക് ബാലൻസിനേക്കാൾ കുറഞ്ഞ് നിൽക്കും.

### 5.1.1 (g) നിക്ഷേപിച്ച ചെക്കുകൾ, ഡിസ്കൗണ്ട് ചെയ്ത ബില്ലുകൾ എന്നിവ നിരാകരിക്കപ്പെടുമ്പോൾ (Cheques deposited/bills discounted dishonoured)

ഉപഭോക്താവ് നിക്ഷേപിച്ച ചെക്കുകൾ അല്ലെങ്കിൽ ഡിസ്കൗണ്ട് ചെയ്ത ബില്ലുകൾ കാലാവധി ദിനത്തിൽ നിരാകരിക്കപ്പെടുമ്പോൾ ബാങ്ക് അക്കൗണ്ടിൽ തുല്യമായ തുക ഡെബിറ്റ് ചെയ്യുന്നു. എന്നാൽ ബാങ്കിൽ നിന്ന് സ്റ്റേറ്റ്മെന്റ് കിട്ടാത്തിടത്തോളം ഈ ഇടപാടുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുകയില്ല. ആയതിനാൽ പാസ്ബുക്ക് ബാലൻസ് ക്യാഷ്ബുക്ക് ബാലൻസിനെക്കാൾ കുറവായിരിക്കും.

### 5.1.2 പിഴവുകൾ മൂലമുള്ള വ്യതിയാനങ്ങൾ (Differences caused by Errors)

ബാങ്കിന്റെ ഭാഗത്തുനിന്നോ ബിസിനസ്സിന്റെ ഭാഗത്തുനിന്നോ ഉണ്ടാകുന്ന പിഴവുകൾ ക്യാഷ്ബുക്കിന്റെയും പാസ്ബുക്കിന്റെയും ബാലൻസുകളിൽ വ്യതിയാനമുണ്ടാക്കുന്നു.

### 5.1.2 (a) സ്ഥാപനം ഇടപാടുകൾ രേഖപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന പിഴവുകൾ (Errors committed in recording transactions by the Firm)

ബാങ്കുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഇടപാടുകൾ, ഉദാഹരണമായി ചെക്ക് നിക്ഷേപിക്കുക, ചെക്ക് നൽകുക മുതലായവ രേഖപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന പിഴവുകൾ,

രേഖപ്പെടുത്താൻ വിട്ടുപോകൽ എന്നിവ ക്യാഷ്ബുക്കിന്റെയും പാസ്ബുക്കിന്റെയും ബാലൻസുകളിൽ വ്യത്യാസമുണ്ടാക്കുന്നു.

### 5.1.2 (b) ബാങ്ക് ഇടപാടുകൾ രേഖപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന പിഴവുകൾ (Errors committed in recording transactions by the Bank)

ഉപഭോക്താവിന്റെ ബാങ്ക് ഇടപാടുകൾ പാസ്ബുക്കിൽ രേഖപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന പിഴവുകളും, രേഖപ്പെടുത്താൻ വിട്ടുപോകുന്നതും ക്യാഷ്ബുക്കിന്റെയും പാസ് ബുക്കിന്റെയും ബാലൻസുകളിൽ വ്യതിയാനത്തിന് കാരണമാകും.

**സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ I**

I: താഴെ തന്നിരിക്കുന്ന ഇടപാടുകൾ വായിച്ചതിനു ശേഷം അവയെ സമയ ഭിന്നത, ബിസിനസ്സ്/ബാങ്ക് പിഴവുകൾ എന്നിങ്ങനെ തരംതിരിച്ച് (✓) എന്ന ചിഹ്നം ശരിയായ കാരണത്തിന് നേരെ സൂചിപ്പിക്കുക.

| ക്രമ നമ്പർ | ഇടപാടുകൾ | സമയ ഭിന്നത | ബിസിനസ്സ്/ബാങ്ക് പിഴവുകൾ |
|---|---|---|---|
| 1. | ഉപഭോക്താക്കൾക്ക് നൽകിയ ചെക്കുകളിൽ ബാങ്കിൽ സമർപ്പിച്ചില്ല | | |
| 2. | രവിക്ക് 5,000 രൂപയുടെ ചെക്ക് നൽകി എന്നാൽ ക്യാഷ് ബുക്കിൽ 2,500 രൂപ എന്ന് രേഖപ്പെടുത്തി | | |
| 3. | ബാങ്ക് അനുവദിച്ച പലിശ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയില്ല. | | |
| 4. | നിക്ഷേപിച്ച ചെക്ക് ബാങ്ക് ക്രെഡിറ്റ് ചെയ്തില്ല. | | |
| 5. | കറന്റ് അക്കൗണ്ടിന് ബാങ്ക് പലിശ ഡബിറ്റ് ചെയ്തു. | | |

### II - വിട്ടുപോയവ പൂരിപ്പിക്കുക (Fill in the blanks)

1. പാസ്ബുക്ക് എന്നത് ബാങ്ക് ലെഡ്ജറിൽ കാണുന്ന ..................... ന്റെ പകർപ്പാണ്.
2. ബാങ്കിൽ നിന്ന് പണം പിൻവലിക്കുമ്പോൾ, ബാങ്ക് ഇടപാടുകാരന്റെ അക്കൗണ്ട് ............. ചെയ്യുന്നു.
3. സാധാരണയായി ക്യാഷ്ബുക്കിന് ഡെബിറ്റ് ബാലൻസും പാസ് ബുക്കിന് ................. ബാലൻസും ആണ്.
4. ക്യാഷ് ബുക്കിന്റെ അനുകൂല ബാലൻസ് എന്നത് ക്യാഷ്ബുക്കിന്റെ ബാങ്ക് കോളത്തിൽ ............ ആണ്.
5. ക്യാഷ് ബുക്ക് ബാലൻസിൽ നിന്ന് തുടങ്ങുന്ന ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടികയിൽ ക്യാഷ് ബുക്ക് ബാലൻസ് പാസ്ബുക്ക് ബാലൻസിനേക്കാൾ കുറയ്ക്കുന്ന ഇനങ്ങൾ ................ ചെയ്യുന്നു.
6. അനുകൂല ബാലൻസ് കാണിക്കുന്ന പാസ്ബുക്ക് ബാലൻസിൽ നിന്ന് തുടങ്ങുന്ന ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടികയിൽ ചെക്ക് നൽകിയതിൽ പണം പിൻവലിക്കാത്ത ഇനങ്ങളെ ................... ചെയ്യുന്നു.
7. ചെക്ക് നൽകി പണം പിൻവലിക്കാത്ത ചെക്കുകൾ അനുകൂല ബാലൻസുള്ള ക്യാഷ് ബുക്കിൽ പാസ്ബുക്കിനെക്കാൾ ......................... ആയിരിക്കും.
8. ബാങ്ക് ബിൽതുക സമാഹരിച്ച് അക്കൗണ്ടിൽ വരവുവെച്ചാൽ ഓവർഡ്രാഫ്റ്റ് ബാലൻസുള്ള പാസ്ബുക്ക് ........................ ബാലൻസ് കാണിക്കുന്നു.
9. ഓവർഡ്രാഫ്റ്റ് ഉള്ള പാസ്ബുക്ക് ബാലൻസിൽ നിന്ന് തുടങ്ങുന്ന ഒരു ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടികിയിൽ നൽകിയ ചെക്കുകളിൽ പണം പിൻവലിക്കാത്തവ ....................... ചെയ്യുന്നു.
10. ബാങ്ക് പാസ്ബുക്കിൽ നിന്ന് ആരംഭിക്കുന്ന ഒരു പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുമ്പോൾ, ക്യാഷ് ബുക്ക് ബാലൻസിനേക്കാൾ ............... പാസ്ബുക്കിലെ ഇനങ്ങൾ കുറയ്ക്കേണ്ടതാണ്.

## 5.2 ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുന്ന വിധം (Preparation of Bank Reconciliation Statement)

ക്യാഷ് ബുക്കിന്റെയും പാസ് ബുക്കിന്റെയും ബാലൻസിൽ വ്യത്യാസം ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തിയാൽ അടുത്തതായി ഒരു ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക താഴെപ്പറയുന്ന രണ്ട് രീതിയിൽ തയാറാക്കാം.

1 ക്യാഷ്ബുക്ക് ബാലൻസ് ക്രമീകരിക്കാതെ തയാറാക്കൽ.

2 ക്യാഷ്ബുക്ക് ബാലൻസ് ക്രമീകരിച്ചതിനുശേഷമുള്ള തയാറാക്കൽ

പ്രായോഗികമായി ക്യാഷ്ബുക്ക് ബാലൻസ് ക്രമീകരിച്ചതിനു ശേഷമാണ് ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുന്നത്. ഈ അധ്യായത്തിന്റെ അവസാന ഭാഗത്താണ് ഈ രീതിയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്.

### 5.2.1 ക്യാഷ്ബുക്ക് ബാലൻസ് ക്രമീകരിക്കാതെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുന്ന വിധം (Preparation of Bank Reconciliation Statement without adjusting cash book balance):

ഇപ്രകാരം ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക തയാറാക്കുന്നത് ക്യാഷ് ബുക്കിന്റെയോ പാസ്ബുക്കിന്റെയോ ബാലൻസ് തുകയുടെ അടിസ്ഥാനത്തിലാണ്. ക്യാഷ്ബുക്കിൽ ഡെബിറ്റ് ബാലൻസ് എന്നത് ബിസിനസ്സിന്റെ ബാങ്ക് നീക്കിയിരിപ്പിനെ കാണിക്കുന്നു (അതായത് നിക്ഷേപത്തുക, പിൻവലിച്ച തുകയെക്കാൾ മുന്നിട്ടുനിൽക്കുന്നു.) ഇത്തരം നീക്കിയിരിപ്പുകൾ പാസ്ബുക്കിൽ ക്രെഡിറ്റ് ബാലൻസ് ആയിരിക്കും. ഇത് സാധാരണ ബാലൻസ് എന്നോ അനുകൂല ബാലൻസ് എന്നോ അറിയപ്പെടുന്നു. എന്നാൽ ക്യാഷ് ബുക്കിന് ക്രെഡിറ്റ് ബാലൻസ് എന്നോ പാസ്ബുക്കിന് ഡെബിറ്റ് ബാലൻസ് എന്നോ പറഞ്ഞാൽ അത് ബാങ്ക് ഓവർഡ്രാഫ്റ്റിനെ സൂചിപ്പിക്കുന്നു. ഈ സന്ദർഭത്തിൽ ബാങ്ക് നീക്കിയിരിപ്പ് അസാധാരണ നീക്കിയിരിപ്പ് എന്നോ പ്രതികൂല നീക്കിയിരിപ്പ് എന്നോ അറിയപ്പെടുന്നു.

താഴെ പറയുന്ന നാല് വ്യത്യസ്ത സന്ദർഭങ്ങളിൽ ഒരു ബാങ്ക് പൊരുത്തപ്പെടുത്തൽ പ്പട്ടിക തയാറാക്കാറുണ്ട്.

1. ക്യാഷ്ബുക്കിന്റെ ഡെബിറ്റ് ബാലൻസ് (അനുകൂല നീക്കിയിരിപ്പ്) നൽകി പാസ് ബുക്ക് ബാലൻസ് കണ്ടുപിടിക്കേണ്ടി വരുമ്പോൾ.
2. പാസ്ബുക്കിന്റെ ക്രെഡിറ്റ് ബാലൻസ് (അനുകൂല നീക്കിയിരിപ്പ്) നൽകി ക്യാഷ് ബുക്കിന്റെ ബാലൻസ് കണ്ടുപിടിക്കേണ്ടി വരുമ്പോൾ.
3. ക്യാഷ്ബുക്കിന്റെ ക്രെഡിറ്റ് ബാലൻസ് (ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ്) നൽകി പാസ്ബുക്ക് ബാലൻസ് കണ്ടുപിടിക്കേണ്ടി വരുമ്പോൾ.
4. പാസ്ബുക്കിന്റെ ഡെബിറ്റ് ബാലൻസ് (ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ്) നൽകി ക്യാഷ് ബുക്ക് ബാലൻസ് കണ്ടുപിടിക്കേണ്ടി വരുമ്പോൾ.

### 5.2.1 (a) അനുകൂല നീക്കിയിരിപ്പിന്റെ അടിസ്ഥാനത്തിൽ (Dealing with favourable balances)

ഒരു ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുന്നത് താഴെ പറയുന്ന പ്രകാരമാണ്.

1. ഏറ്റവും മുകളിലായി പട്ടിക തയാറാക്കേണ്ട തീയതി തലക്കെട്ടിന്റെ ഭാഗമായി രേഖ പ്പെടുത്തുക.
2. തന്നിരിക്കുന്ന ക്യാഷ് ബുക്കിന്റെ നീക്കിയിരിപ്പ് തുക ആദ്യ ഇനമായി രേഖപ്പെ ടുത്തുക.
3. ബാങ്കിൽ നിക്ഷേപിച്ചിട്ടും വരവുചെയ്യാത്ത ചെക്കുകളുടെ തുക കിഴിവ് ചെയ്യുക.
4. നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിക്കാത്തവയും, ബാങ്കിൽ നേരിട്ട് നിക്ഷേപിച്ച തുകയും കൂട്ടുക.
5. ബാങ്ക് ഈടാക്കിയതും എന്നാൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തതുമായ ചെലവ് (ഉദാഹരണത്തിന് അധികപ്പറ്റിന്റെ പലിശ, സ്ഥായിയായ നിർദേശപ്രകാരമുള്ള ചെലവുകൾ, നിരാകരിക്കപ്പെട്ട ബില്ലുകൾ, ചെക്കുകൾ തുടങ്ങിയവ) കുറയ്ക്കുക.

6. ബാങ്ക് പിരിച്ചെടുത്ത അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത പലിശകൾ, ലാഭവിഹിതങ്ങൾ, വാടക മുതലായവ കൂട്ടുക.

7. തെറ്റുതിരുത്തൽ തത്വത്തെ അടിസ്ഥാനമാക്കി തിരുത്തിയ തെറ്റുകൾ ക്രമീകരിക്കുക.

മുകളിൽപ്പറഞ്ഞ ക്രിയയുടെ ഫലമായി നമുക്കു ലഭിക്കുന്ന തുക പാസ്ബുക്കിന്റെ നീക്കിയിരിപ്പ് സൂചിപ്പിക്കുന്നു.

നമ്മൾ പാസ്സ്ബുക്ക് നീക്കിയിരിപ്പിൽ നിന്ന് ആരംഭിക്കുകയാണെങ്കിൽ മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ വിപരീതമായി ചെയ്യുക.

**നിർധാരണം 1**

താഴെ തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. വിനോദിന്റെ 2017 മാർച്ച് 31 ലെ ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കുക.

1. ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹50,000
2. നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിക്കാത്തവ ₹6,000
3. ബാങ്ക് നേരിട്ട് ശേഖരിച്ച് വരവ് വച്ചതും ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തതുമായ ലാഭവിഹിതം ₹8,000.
4. ബാങ്ക് ചാർജ്ജസ് ക്യാഷ്ബുക്കിൽ രേഖപ്പെടുത്താത്തത് ₹400.
5. ബാങ്കിൽ നിക്ഷേപിച്ചതും എന്നാൽ പിരിച്ചെടുക്കാത്തതുമായ ചെക്കുകൾ ₹6,000.

**ഉത്തരം**

**ശ്രീ വിനോദിന്റെ മാർച്ച് 31, 2017 – ലെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക**

| | വിവരണം | തുക (+) (₹) | തുക (–) (₹) |
|---|---|---|---|
| 1. | ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 50,000 | |
| 2. | നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിക്കാത്തവ | 6,000 | |
| 3. | ബാങ്ക് നേരിട്ട് ശേഖരിച്ച ലാഭവിഹിതം | 8,000 | |
| 4. | ബാങ്കിൽ നിക്ഷേപിച്ചതും പിരിച്ചെടുക്കാത്തതുമായ ചെക്കുകൾ | | 6,000 |
| 5. | ബാങ്ക് ചാർജ്ജസ് | | 400 |
| 6. | പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | | 57,600 |
| | | **64,000** | **64,000** |

**നിർധാരണം 2**

താഴെ തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനിൽ ആൻഡ് കമ്പനിയുടെ 2017 ഓഗസ്റ്റ് 31- ലെ ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കുക.

1. ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 54,000 രൂപ
2. 100 രൂപ ആകസ്മികച്ചെലവായി അനിൽ ആൻഡ് കമ്പനിയുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തത് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയില്ല.
3. ബാങ്കിൽ നിക്ഷേപിച്ച 5,400 രൂപയുടെ ചെക്ക് നാളിതുവരെ ശേഖരിച്ച് വരവ് ചെയ്തില്ല.
4. അനിൽ ആൻഡ് കമ്പനി നൽകിയ 20,000 രൂപയുടെ ചെക്ക് നാളിതുവരെ ബാങ്കിൽ സമർപ്പിച്ചിട്ടില്ല.

**ഉത്തരം**

**അനിൽ ആൻഡ് കമ്പനിയുടെ 2017 ഓഗസ്റ്റ് 31 - ലെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക**

| | വിവരണം | തുക (+) | തുക (-) |
|---|---|---|---|
| 1. | ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 54,000 | |
| 2. | നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിക്കാത്തവ | 20,000 | |
| 3. | ബാങ്കിൽ നിക്ഷേപിച്ചതും പിരിച്ചെടുക്കാത്തതുമായ ചെക്കുകൾ | | 5,400 |
| 4. | ബാങ്ക് ഡെബിറ്റ് ചെയ്ത ആകസ്മികച്ചെലവുകൾ | | 100 |
| 5. | പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | | 68500 |
| | | 74,000 | 74,000 |

**നിർധാരണം 3**

ബോസ്സ് ആൻഡ് കമ്പനിയുടെ 2017 മെയ് 31 ലെ ബാങ്ക് പാസ്ബുക്ക് നീക്കിയിരിപ്പ് 45,000 രൂപ ആണ്. താഴെ തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കുക.

1. 2017 മെയ് 31നു മുൻപ് നൽകിയ 25,940 രൂപയുടെ ചെക്ക് നാളിതുവരെ പണമാക്കാൻ ബാങ്കിൽ നൽകിയിട്ടില്ല.
2. 2017 മെയ് 31 നു നിക്ഷേപിച്ച 3,900 രൂപ, 2,350 രൂപ മൂല്യമുള്ള രണ്ട് ചെക്കുകൾ 2017 ജൂണിലാണ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത്.
3. 31-05-2017 ൽ നിരാകരിച്ച ചെക്കിന്റെ തുകയായ 2,500 രൂപ പാസ്ബുക്കിൽ ഡെബിറ്റ് ചെയ്തു.

**ഉത്തരം**

**ബോസ്സ് ആൻഡ് കമ്പനിയുടെ 2014 ഓഗസ്റ്റ് 31 - ലെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക**

| | വിവരണം | തുക (+) | തുക (-) |
|---|---|---|---|
| 1. | പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 45,000 | |
| 2. | ബാങ്കിൽ നിക്ഷേപിച്ചതും പിരിച്ചെടുക്കാത്തതുമായ ചെക്കുകൾ (3,900 + 2,350) | 6,250 | |
| 3. | നിരാകരിച്ച ചെക്ക് പാസ് ബുക്കിൽ മാത്രം രേഖപ്പെടുത്തിയത് | 2,500 | |
| 4. | നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിക്കാത്തവ | | 25,940 |
| 5. | ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | | 27,860 |
| | | **53,750** | **53,750** |

## 5.2.1 (b) ഓവർഡ്രാഫ്റ്റ് വരുന്ന സാഹചര്യങ്ങളിൽ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കൽ (Dealing with overdrafts)

ബാങ്കിൽ അനുകൂല നീക്കിയിരിപ്പ് ആയിരുന്നാൽ എങ്ങനെ ഒരു ബാങ്ക് അനുരഞ്ജന പട്ടിക തയാറാക്കാമെന്ന് നമ്മൾ പഠിച്ചു. എന്നാൽ ചില സന്ദർഭങ്ങളിൽ കച്ചവടസ്ഥാപനങ്ങൾക്ക് ബാങ്കിൽ ഓവർഡ്രാഫ്റ്റ് വരാറുണ്ട്. ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള തുകയേക്കാൾ കൂടുതൽ പണം സ്ഥാപനം പിൻവലിക്കുമ്പോഴാണ് ഓവർഡ്രാഫ്റ്റ് ഉണ്ടാകുന്നത്. അതായത് ബാങ്കിൽ നിന്ന് കടമെടുക്കുന്നതിന് തുല്യം. ഇത്തരം സന്ദർഭങ്ങളിൽ ക്യാഷ് ബുക്കിന് ക്രെഡിറ്റ് ബാലൻസും പാസ്ബുക്കിന് ഡെബിറ്റ് ബാലൻസും ആയിരിക്കും. ബാങ്ക് അനുരഞ്ജനപ്പട്ടികയിൽ ഓവർഡ്രാഫ്റ്റിനെ ഒരു ന്യൂനസംഖ്യ (negative figure) ആയാണ് കണക്കാക്കുന്നത്. താഴെത്തന്നിരിക്കുന്ന ഉദാഹരണത്തിലൂടെ ഓവർഡ്രാഫ്റ്റ് വരുന്ന സന്ദർഭങ്ങളിൽ എങ്ങനെ ഒരു ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കാം എന്നു മനസ്സിലാക്കാം.

**നിർധാരണം 4**

2017 മാർച്ച് 31 ന് ശ്രീ രാകേഷിന്റെ ക്യാഷ്ബുക്കിൽ 8,000 രൂപ ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് കാണിക്കുന്നു. 2,000 രൂപയുടെ ചെക്ക് ബാങ്കിൽ നിക്ഷേപിച്ചെങ്കിലും നാളിതുവരെ ചെക്കിന്റെ പണം ബാങ്ക് ശേഖരിച്ച് അക്കൗണ്ടിൽ വരവ് വച്ചിട്ടില്ല. പിൻവലിക്കാനായി നൽകിയ ചെക്കിൽ 800 രൂപയുടെ ചെക്ക് ബാങ്കിൽ സമർപ്പിച്ചിട്ടില്ല. പലിശ ഇനത്തിൽ 60 രൂപയും ബാങ്ക് ചാർജായി 100 രൂപയും പാസ്ബുക്കിൽ ഡെബിറ്റ് ചെയ്തിട്ടുണ്ട്. ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കുക.

**ഉത്തരം**

**രാകേഷിന്റെ 2017 മാർച്ച് 31-ലെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക**

| | വിവരണം | തുക (+) | തുക (-) |
|---|---|---|---|
| 1. | ക്യാഷ് ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് | | 8,000 |
| 2. | നിക്ഷേപിച്ച ചെക്കിൽ ശേഖരിക്കാത്തത് | | 2,000 |
| 3. | ബാങ്ക് ഈടാക്കിയ പ്രതിഫലം, പലിശ (100+60) | | 160 |
| 4. | നൽകിയ ചെക്ക് ബാങ്കിൽ സമർപ്പിക്കാത്തത് | 800 | |
| 5. | പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (ഓവർഡ്രാഫ്റ്റ്) | 9,360 | |
| | | **10,160** | **10,160** |

**നിർധാരണം 5**

2017 മാർച്ച് 31 ന് അഗർവാൾ ട്രേഡേഴ്സിന്റെ ക്യാഷ്ബുക്കിലെ ബാങ്ക് കോളം 1,18,100 രൂപ ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് കാണിക്കുന്നു. ക്യാഷ് ബുക്ക് പാസ്ബുക്കുമായി താരതമ്യം ചെയ്തപ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടെത്താനായി.

1. 12,400 രൂപയുടെ ചെക്ക് സ്ഥാപനത്തിന് ലഭിക്കുകയും ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ പണശേഖരണത്തിനായി ഇത് ബാങ്കിൽ അയച്ചിട്ടില്ല.
2. സ്ഥാപനത്തിന്റെ ഒരു ഇടപാടുകാരൻ നേരിട്ട് ബാങ്കിൽ അടച്ച 27,300 രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
3. നൽകിയ ചെക്കിൽ 1,75,200 രൂപയുടെ ചെക്ക് പണമാക്കാനായി ബാങ്കിൽ സമർപ്പിച്ചിട്ടില്ല.
4. ബാങ്ക് ഈടാക്കിയ 8,800 രൂപ പലിശ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കുക.

**ഉത്തരം**

**അഗർവാൾ ട്രേഡേഴ്സിന്റെ 2017 മാർച്ച് 31- ലെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക**

| | വിവരണം | തുക (+) | തുക (-) |
|---|---|---|---|
| 1. | ക്യാഷ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് | | 1,18,100 |
| 2. | ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയതും എന്നാൽ ബാങ്കിൽ ശേഖരണത്തിന് അയയ്ക്കാത്തതുമായ ചെക്കുകൾ | | 12,400 |
| 3. | ക്യാഷ്ബുക്കിൽ രേഖപ്പെടുത്താത്ത പലിശയിനത്തിൽ ബാങ്ക് ഈടാക്കിയ തുക | | 8,800 |
| 4. | ഇടപാടുകാരൻ ബാങ്കിൽ നേരിട്ട് അടച്ച തുക | 27,300 | |
| 5. | നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിച്ചിട്ടില്ലാത്തവ | 1,75,200 | |
| 6. | പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (അനുകൂലം) | | 63,200 |
| | | 2,02,500 | 2,02,500 |

**നിർധാരണം: 6**

ആശാ ആൻഡ് കമ്പനി നൽകിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കുക.

| | ₹ |
|---|---|
| പാസ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് | 20,000 |
| അധികപ്പറ്റിന് (ഓവർ ഡ്രാഫ്റ്റ്) ഈടാക്കിയ പലിശ | 2,000 |
| ബാങ്ക് അടച്ച ഇൻഷുറൻസ് പ്രീമിയം തുക | 200 |
| നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിച്ചിട്ടില്ലാത്തവ | 6,500 |
| ബാങ്കിൽ നിക്ഷേപിച്ചതും വരവു വയ്ക്കാത്തതുമായ ചെക്കുകൾ | 6,000 |
| ബാങ്ക് പിഴവ് മൂലം തെറ്റായി ഡെബിറ്റ് ചെയ്ത തുക | 500 |

**ഉത്തരം**

**ആശാ ആൻഡ് കമ്പനിയുടെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക**

| | വിവരണം | തുക (+) | തുക (-) |
|---|---|---|---|
| 1. | പാസ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് | | 20,000 |
| 2. | അധികപ്പറ്റിന് ഈടാക്കിയ പലിശ | 2,000 | |
| 3. | ബാങ്ക് അടച്ച ഇൻഷുറൻസ് പ്രീമിയം തുക | 200 | |

| | | | |
|---|---|---|---|
| 4. | നൽകിയ ചെക്ക് ബാങ്കിൽ സമർപ്പിക്കാത്തത് | | 6,500 |
| 5. | ബാങ്കിൽ നിക്ഷേപിച്ചതും പിരിച്ചെടുക്കാത്തതുമായ ചെക്കുകൾ | 6,000 | |
| 6. | ബാങ്ക് പിഴവുമൂലം തെറ്റായി ഡെബിറ്റ് ചെയ്ത തുക | 500 | |
| 7. | ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (ഓവർഡ്രാഫ്റ്റ്) | 17,800 | |
| | | 26,500 | 26,500 |

**നിർധാരണം : 7**

താഴെ തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2017 മാർച്ച് 31 ലെ ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക തയാറാക്കുക.

1. ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (ഡെബിറ്റ്) ₹10,000.
2. ബാങ്കിൽ നിക്ഷേപിച്ച 1,000 രൂപയുടെ ചെക്ക് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയില്ല.
3. ബാങ്കിൽ നിക്ഷേപിച്ചതും എന്നാൽ ക്യാഷ്ബുക്കിന്റെ ബാങ്ക് കോളത്തിൽ രേഖപ്പെടുത്താത്തതുമായ തുക ₹200.
4. 250 രൂപ മൂല്യമുള്ള ചെക്ക് നൽകിയിട്ട് ക്യാഷ്ബുക്കിന്റെ ക്യാഷ്കോളത്തിൽ രേഖപ്പെടുത്തിയത് ₹205.
5. ഡെബിറ്റ് ബാലൻസുള്ള നീക്കിയിരിപ്പ് ₹1,500 അടുത്ത ദിവസം ക്രെഡിറ്റ് ബാലൻസായി രേഖപ്പെടുത്തി.
6. ക്യാഷ്ബുക്കിന്റെ ഒടുക്കൽ ഭാഗത്ത് ₹100 താഴ്ത്തി രേഖപ്പെടുത്തിയിരിക്കുന്നു.
7. ₹112 ക്യാഷ് ഇളവ് നൽകിയത് ക്യാഷ്ബുക്കിന്റെ ബാങ്ക് കോളത്തിൽ ₹121 എന്ന് രേഖപ്പെടുത്തി.
8. ഡെബ്റ്ററിൽ നിന്ന് ലഭിച്ച 500 രൂപയുടെ ചെക്ക്, ക്യാഷ്ബുക്കിന്റെ ബാങ്ക് കോളത്തിൽ രേഖപ്പെടുത്തി, പക്ഷെ ബാങ്കിൽ നിക്ഷേപിച്ചിട്ടില്ല.
9. 300 രൂപയുടെ ചെക്ക് നൽകിയത് രണ്ട് പ്രാവശ്യം രേഖപ്പെടുത്തി.

**ഉത്തരം**

**2017 മാർച്ച് 31 – ന്റെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക**

| | വിവരണം | തുക (+) | തുക (-) |
|---|---|---|---|
| 1. | ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 10,000 | |
| 2. | നീക്കിയിരിപ്പ് രേഖപ്പെടുത്തിയതിൽ വന്ന പിഴവ് | 3,000 | |
| 3. | ക്യാഷ്ബുക്കിലെ ചെക്കിന്റെ ഇരട്ട രേഖപ്പെടുത്തൽ | 300 | |
| 4. | ബാങ്ക് കോളത്തിൽ രേഖപ്പെടുത്താത്ത ചെക്കിന്റെ നിക്ഷേപം | 200 | |
| 5. | നിക്ഷേപിച്ചതിന്റെ ഇടപാട് രേഖപ്പെടുത്താതിരുന്നത് | 1,000 | |

| | | | |
|---|---|---|---|
| 6. | ഒടുക്കൽ ഭാഗത്ത് താഴ്ത്തി രേഖപ്പെടുത്തിയ തുക | | 100 |
| 7. | നൽകിയ ചെക്ക് രേഖപ്പെടുത്താതിരുന്നത് | | 250 |
| 8. | പണക്കിഴിവിന്റെ ബാങ്ക് കോളത്തിലെ തെറ്റായ രേഖപ്പെടുത്തൽ | | 121 |
| 9. | രേഖപ്പെടുത്തിയ ചെക്ക് ബാങ്കിൽ നിക്ഷേപിക്കാതിരുന്നത് | | 500 |
| 10. | പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | | 13,529 |
| | | 14,500 | 14,500 |

**നിർധാരണം 8**

താഴെ തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. രാജന്റെ 2017 മാർച്ച് 31 ലെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുക.

1. പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ₹10,000.
2. ശ്രീ. രാജൻ നിക്ഷേപിച്ച 500 രൂപയുടെ ചെക്ക് ബാങ്ക് ശേഖരിച്ച് ശ്രീ ദേവിന്റെ അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്തു.
3. 1,589 രൂപ നിക്ഷേപിച്ചത് ബാങ്ക് ₹1,598 എന്ന് തെറ്റായി രേഖപ്പെടുത്തി.
4. പാസ്ബുക്കിന്റെ പിൻവലിക്കൽ ഭാഗത്ത് 100 രൂപ താഴ്ത്തി രേഖപ്പെടുത്തി.
5. ക്രെഡിറ്റ് ബാലൻസ് ഉള്ള നീക്കിയിരിപ്പ് 1,500 രൂപ ഡെബിറ്റ് ബാലൻസ് എന്ന് പാസ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.
6. 350 രൂപയുടെ ചെക്ക് നൽകിയത് പാസ്ബുക്കിൽ രണ്ടുപ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു.
7. പാസ്ബുക്കിലെ പിഴവുമൂലം 1,000 രൂപയുടെ ചെക്ക് നിക്ഷേപിച്ചത് ക്രെഡിറ്റ് ചെയ്തതായി കാണിക്കുന്നു.

**ഉത്തരം**

**ശ്രീ. രാജന്റെ 2017 മാർച്ച് 31 – ലെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക**

| | വിവരണം | തുക (+) | തുക (–) |
|---|---|---|---|
| 1. | പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 10,000 | |
| 2. | മറ്റൊരാളുടെ അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്ത തുക | 500 | |
| 3. | നീക്കിയിരിപ്പ് തുക രേഖപ്പെടുത്തിയപ്പോൾ ഉണ്ടായ പിഴവ് | 3,000 | |
| 4. | ചെക്കിന്റെ ഇരട്ട രേഖപ്പെടുത്തൽ | 350 | |
| 5. | നിക്ഷേപത്തുകയുടെ തെറ്റായ അധിക രേഖപ്പെടുത്തൽ | | 9 |
| 6. | പിൻവലിക്കൽ കോളം താഴ്ത്തി രേഖപ്പെടുത്തിയത് | | 100 |

| | | | |
|---|---|---|---|
| 7.<br>8. | പിഴവു മൂലമുണ്ടായ തെറ്റായ ക്രെഡിറ്റ്<br>ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | | 1,000<br>12,741 |
| | | 13,850 | 13,850 |

## സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ II

**ശരിയായ ഉത്തരം തിരഞ്ഞെടുക്കുക**

1. ഒരു ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുന്നത്
   (എ) ക്രെഡിറ്റേഴ്സ് (ബി) ബാങ്ക്
   (സി) ബാങ്ക് അക്കൗണ്ട് ഉടമ (ഡി) ഡെബ്റ്റേഴ്സ്
2. താഴെപ്പറയുന്ന ഏത് നീക്കിയിരിപ്പിന്റെ അടിസ്ഥാനത്തിലാണ് ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക തയാറാക്കുന്നത്.
   (എ) പാസ്ബുക്ക് (ബി) ക്യാഷ് ബുക്ക്
   (സി) ക്യാഷ്ബുക്ക് അല്ലെങ്കിൽ പാസ്ബുക്ക്
   (ഡി) ഇവയിലൊന്നുമില്ല
3. പാസ്ബുക്ക് എന്നത് ........ ന്റെ പകർപ്പാണ്
   (എ) ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്
   (ബി) ക്യാഷ്ബുക്കിന്റെ ബാങ്ക് കോളം
   (സി) ക്യാഷ്ബുക്കിന്റെ ക്യാഷ് കോളം
   (ഡി) രസീതുകളുടെയും പേയ്മെൻറുകളുടേയും പകർപ്പ്
4. അനുകൂലമല്ലാത്ത ബാങ്ക് നീക്കിയിരിപ്പ് അർഥമാക്കുന്നത്:
   (എ) പാസ്ബുക്കിലെ ക്രെഡിറ്റ് നീക്കിയിരിപ്പ്
   (ബി) ക്യാഷ്ബുക്കിലെ ക്രെഡിറ്റ് നീക്കിയിരിപ്പ്
   (സി) ക്യാഷ്ബുക്കിലെ ഡെബിറ്റ് നീക്കിയിരിപ്പ്
   (ഡി) ഇവയൊന്നുമല്ല
5. അനുകൂല ബാങ്ക് നീക്കിയിരുപ്പ് എന്നത് ................ ആണ്.
   (എ) ക്യാഷ്ബുക്കിലെ ക്രെഡിറ്റ് നീക്കിയിരിപ്പ്
   (ബി) പാസ്ബുക്കിലെ ക്രെഡിറ്റ് നീക്കിയിരിപ്പ്
   (സി) ക്യാഷ്ബുക്കിലെ ഡെബിറ്റ് നീക്കിയിരിപ്പ്
   (ഡി) (ബി) യും (സി)യും
6. ഒരു ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക പ്രധാനമായും തയാറാക്കുന്നത്:
   (എ) ക്യാഷ്ബുക്കിലെ പണത്തിന്റെ നീക്കിയിരിപ്പ് പൊരുത്തപ്പെടുത്താൻ
   (ബി) ക്യാഷ്ബുക്കിന്റെയും പാസ്ബുക്കിന്റെയും നീക്കിയിരിപ്പുകൾ തമ്മിലുള്ള വ്യതിയാനം രേഖപ്പെടുത്താൻ
   (സി) (എ) യും (ബി) യും
   (ഡി) ഇവയൊന്നുമല്ല

### 5.2.2 ക്രമീകരിച്ച ക്യാഷ്ബുക്കിന്റെ അടിസ്ഥാനത്തിൽ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുന്ന വിധം (Preparation of bank reconciliation statement after adjusting cashbook balance)

ക്യാഷ്ബുക്കിന്റെയും പാസ്ബുക്കിന്റെയും നീക്കിയിരിപ്പുകൾക്ക് വ്യതിയാനം ഉണ്ടാക്കുന്ന വിവിധ ഘടകങ്ങൾ ഏതെല്ലാം ആണ് എന്ന് നമ്മൾ മനസ്സിലാക്കി. അവ വിശദമായി പരിശോധിച്ചാൽ പാസ്ബുക്കിനെ മാത്രം ബാധിക്കുന്ന വിവിധ ഇനങ്ങളുണ്ട് എന്ന് മനസ്സിലാക്കാം. ഇവ ക്യാഷ്ബുക്കിൽ ആദ്യം ക്രമീകരിച്ചാൽ നമുക്ക് ക്യാഷ്ബുക്കിന്റെ ക്രമീകരിച്ച അല്ലെങ്കിൽ കൃത്യമാക്കിയ ഒരു നീക്കിയിരിപ്പ് ലഭിക്കും. അതിന്റെ അടിസ്ഥാനത്തിൽ ഒരു ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കിയാൽ വ്യതിയാനങ്ങൾ ഒരു പരിധിവരെ നിയന്ത്രിച്ച് ബാക്കിപത്രത്തിൽ ബാങ്കിന്റെ കൃത്യമായ നീക്കിയിരിപ്പ് കാണിക്കാൻ സാധിക്കും. ബിസിനസ്സ് സ്ഥാപനങ്ങൾ പ്രായോഗികമായി ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക ഇത്തരത്തിലാണ് തയാറാക്കുന്നത്. സമയഭിന്നത മൂലം ഉണ്ടാകുന്ന വ്യതിയാന ഘടകങ്ങളായ (i) നൽകിയ ചെക്കുകളിൽ ബാങ്കിൽ സമർപ്പിക്കാത്തവ (ii) നിക്ഷേപിച്ച ചെക്കുകളിൽ പണം ശേഖരിച്ച് വരവ് വയ്ക്കാത്തത് (iii) പാസ്ബുക്കിൽ രേഖപ്പെടുത്തിയ പിഴവുകൾ മുതലായവ ഇങ്ങനെ ക്രമീകരിക്കാം. ചിത്രം 5.4 ൽ, ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ കാണിച്ചിട്ടുണ്ട്.

**ഉദാഹരണം 9**

**2017 ഡിസംബർ 31 ലെ ഒരു ക്യാഷ് ബുക്കിന്റെ സംഗ്രഹം താഴെത്തന്നിരിക്കുന്നു ക്യാഷ് ബുക്ക് (ബാങ്ക് കോളം)**

| വിവരണം | തുക (+) | വിവരണം | തുക (–) |
|---|---|---|---|
| വരവ് | 13, 221 | ബാലൻസ് b/d | 6,849 |
| ബാലൻസ് c/d | 4,986 | ഒടുക്കൽ | 11,358 |
| | 18,207 | | 18,207 |

എല്ലാ വരവുകളും ബാങ്ക് വഴിയും, ഒടുക്കലുകൾ ചെക്കുകൾ വഴിയുമാണ്. പരിശോധനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടെത്താനായി.

1. ബാങ്ക് ചാർജ് ഇനത്തിൽ ഈടാക്കിയ 1,224 രൂപ ബാങ്ക്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് പക്ഷേ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
2. 2,403 രൂപയുടെ ചെക്ക് നൽകിയത് നാളിതുവരെ ബാങ്കിൽ സമർപ്പിച്ചിട്ടില്ല.
3. ക്യാഷ്ബുക്കിൽ രേഖപ്പെടുത്തി ബാങ്കിൽ നിക്ഷേപിച്ച 6,858 രൂപയുടെ ചെക്ക് 2017 ജനുവരിയിൽ മാത്രമേ അക്കൗണ്ടിൽ വരവ് വയ്ക്കുകയുള്ളൂ.

4, ചെലവ് ഇനത്തിൽ നൽകിയ 198 രൂപയുടെ ചെക്ക് ക്യാഷ്ബുക്കിൽ വരവു ഭാഗത്ത് കാണിച്ചിരിക്കുന്നു.

5. 225 രൂപയുടെ ചെക്ക് ബാങ്ക് തെറ്റായി ഡെബിറ്റ് ചെയ്തിരിക്കുന്നു.

6. ബാങ്കിൽ നിക്ഷേപിച്ച 720 രൂപയുടെ ചെക്ക് 'പണം അപര്യാപ്തമല്ല' എന്ന് രേഖപ്പെടുത്തി മടക്കി അയച്ചിരിക്കുന്നു. എന്നാൽ ക്യാഷ്ബുക്കിൽ ഈ ഇടപാട് രേഖപ്പെടുത്തിയില്ല.

7. ഡിസംബർ മാസത്തിൽ ലാഭവിഹിതമായി ബാങ്കിലെത്തിയ 558 രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

8. പിൻവലിക്കുന്നതിന് വേണ്ടി നൽകിയ 54 രൂപയുടെ ചെക്ക് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയത് 594 രൂപ എന്നാണ്.

9. യഥാർഥ നീക്കിയിരിപ്പ് 6,399 രൂപയാണ്.

10. ബാങ്കിന്റെ പട്ടികപ്രകാരം 2016 ഡിസംബർ 31 ലെ നീക്കിയിരിപ്പ് 10,458 രൂപ ഓവർ ഡ്രാഫ്റ്റാണ്.

(എ) ഭേദഗതിവരുത്തിയ ക്യാഷ് ബുക്ക് തയാറാക്കുക.

(ബി) 2016 ഡിസംബർ 31 ലെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുക.

**ഭേദഗതിവരുത്തിയ ക്യാഷ്ബുക്ക് (ബാങ്ക് കോളം)**

| തീയതി | വരവ് | എൽ. എഫ് | തുക | തീയതി | ഒടുക്കൽ | എൽ. എഫ്. | തുക |
|---|---|---|---|---|---|---|---|
| | ലാഭവിഹിതം കിട്ടിയത് | | 558 | | ബാലൻസ് b/d | | 4,986 |
| | 54 രൂപയുടെ ചെക്ക് 594 എന്ന് രേഖപ്പെടുത്തിയിരുന്നതിന്റെ ക്രമീകരണം. | | 540 | | ബാങ്ക് ചാർജ് ഈടാക്കിയത് | | 1,224 |
| | നീക്കിയിരിപ്പിൽ വരുത്തിയ ക്രമീകരണം | | 450 | | ചെക്കിന്റെ വരവ് രേഖപ്പെടുത്തിയതിന്റെ ക്രമീകരണം | | 396 |
| | ബാലൻസ് c/d | | 5,778 | | ചെക്കിന്റെ നിരാകരണത്തിൻ മേലുള്ള ക്രമീകരണം | | 720 |
| | | | 7,326 | | | | 7,326 |
| | | | | | ബാലൻസ് b/d | | 5,778 |

**ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക – 2016 ഡിസംബർ 31**

| വിവരണം | തുക (+) | തുക (–) |
|---|---|---|
| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് | | 10,458 |
| നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിക്കാത്തവ | | 2,403 |
| | | 12,861 |
| നിക്ഷേപിച്ച ചെക്കിൽ ശേഖരിച്ച് വരവുവയ്ക്കാത്ത തുക | 6,858 | |
| ബാങ്ക് പിഴവു മൂലം ഉണ്ടായ കുറവ് | 225 | 7,083 |
| ക്യാഷ്ബുക്കിൻ പ്രകാരമുള്ള നീക്കിയിരിപ്പ് | | 5,778 |

**നിർധാരണം 10**

സ്മിത്ത് ലിമിറ്റഡിന്റെ 2016 ഡിസംബർ 31 ലെ ക്യാഷ്ബുക്ക് പ്രകാരം ബാങ്ക് ഓവർഡ്രാഫ്റ്റ് ബാക്കി ₹18,000 ആണ്. താഴെ തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവരുടെ ഭേദഗതിവരുത്തിയ ക്യാഷ് ബുക്ക്, ബാങ്ക് അനുരഞ്ജനപ്പട്ടിക എന്നിവ തയാറാക്കുക.


- നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിച്ചിട്ടില്ലാത്തവ ₹6,000.
- ബാങ്കിൽ നിക്ഷേപിച്ചതും വരവുവയ്ക്കാത്തതുമായ ചെക്കുകൾ ₹3,400.
- പാസ്ബുക്കിൽ മാത്രം കിഴിവ് ചെയ്ത പലിശ ₹1,000.
- വിനിമയ ബില്ലിന്റെ തുക ബാങ്ക് ശേഖരിച്ച് പാസ്ബുക്കിൽ മാത്രം രേഖപ്പെടുത്തിയത് ₹1,600.
- അരുൺ ട്രേഡേഴ്സിന്റെ ചെക്ക് നിരാകരിച്ചത് ബാങ്ക് കിഴിവു ചെയ്ത തുക ₹1,000.
- കരുണ ആൻഡ് കമ്പനിക്ക് നൽകിയ ചെക്കിന്റെ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല ₹600.

**ഭേദഗതിവരുത്തിയ ക്യാഷ്ബുക്ക് (ബാങ്ക് നിര)**

| തീയതി | വരവ് | എൽ എഫ് | തുക | തീയതി | ഒടുക്കൽ | എൽ. എഫ്. | തുക |
|---|---|---|---|---|---|---|---|
| | ബാങ്ക് ശേഖരിച്ച ബില്ലു തുക | | 1,600 | | ബാലൻസ് b/d | | 18,000 |
| | | | | | പലിശ | | 1,000 |
| | | | | | നിരാകരിക്കപ്പെട്ട ചെക്ക് (അരുൺ ട്രേഡേഴ്സ്) | | 1,000 |
| | | | | | കരുണ & കമ്പനി (ചെക്ക്) | | 6,00 |
| | ബാലൻസ് c/d | | 19,000 | | | | |
| | | | 20,600 | | | | 20,600 |
| | | | | | ബാലൻസ് b/d | | 19,000 |

**ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക – 2014 ഡിസംബർ 31**

| | വിവരണം | തുക |
|---|---|---|
| കൂട്ടുക (+) | ക്യാഷ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് ബാക്കി | 19,000 |
| | വരവു വയ്ക്കാത്ത ചെക്കുകൾ | 3,400 |
| | | 22,400 |
| കുറയ്ക്കുക (-) | ബാങ്കിൽ സമർപ്പിക്കാത്ത ചെക്കുകൾ | 6000 |
| | പാസ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് ബാക്കി | 16,400 |




ചിത്രം 5.4: ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുന്ന ഘട്ടങ്ങൾ

**ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുന്നതുമായി ബന്ധപ്പെട്ട ഒരു ലഘു പ്രോജക്ട്**

ഗോൾഡൻ വാലി കമ്പനിയിലെ ക്യാഷ്യർ ആണ് രമേശ്. സ്ഥാപനത്തിലെ കണക്കുകൾ സൂക്ഷിക്കേണ്ട ഉത്തരവാദിത്വം അദ്ദേഹത്തിനുണ്ട്. 2013 ജൂലൈ മാസത്തിലെ സ്ഥാപനത്തിന്റെ ക്യാഷ്ബുക്ക് അനുബന്ധം 1 പ്രകാരം തയാറാക്കിയിരിക്കുന്നു. രമേശിനെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കാൻ സഹായിക്കുക.

*കുറിപ്പ് :ക്യാഷ്ബുക്കിലെ ക്യാഷ് കോളം ഒഴിവാക്കിയാണ് നൽകിയിരിക്കുന്നത്.* അനുബന്ധം 2-ൽ 2017 ജൂലൈ 31 ന് ബാങ്ക് നൽകിയ ഇടപാടുകളുടെ പട്ടിക പ്രദർശിപ്പിച്ചിരിക്കുന്നു. രണ്ടു നീക്കിയിരിപ്പുകളും തമ്മിൽ ₹261.30 വ്യത്യാസം കാണിക്കുന്നു (അതായത് ബാങ്ക് പാസ്ബുക്ക് നീക്കിയിരിപ്പ് ₹903 ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹641.70)

## ഗോൾഡൻ വാലി കമ്പനിയുടെ ക്യാഷ്ബുക്ക്

| തീയതി | വരവ് | LF | തുക | തീയതി | ഒടുക്കൽ | LF | തുക |
|---|---|---|---|---|---|---|---|
| 2013 | | | | 2013 | | | |
| ജൂലൈ 1 | ബാലൻസ് b/d | | 756.20✓ | ജൂലൈ | | | |
| 3 | കനിഷ്ക കമ്പനി | | 220.00✓ | 2 | അനശ്വര 004450 | | 50.00 |
| 15 | രാമനാഥ് & കമ്പനി | | 330.00✓ | 2 | ഗായത്രി 004451 | | 130.00 |
| 31 | രാജൻ ബ്രോസ് | | 63.00 | 2 | രമ 004452 | | 10.00 |
| | | | | 2 | സജീവ് & കമ്പനി 004453 | | 27.50 |
| | | | | 14 | സുഭാഷ് & കമ്പനി | | 89.00 |
| | | | | 14 | അനിൽ & കമ്പനി 004455 | | 49.00 |
| | | | | 14 | സുഭാഷ് & കമ്പനി 004456 | | 250.00 |
| | | | | 26 | ഇൻഷുറൻസ് പ്രീമിയം | | 122.00 |
| | | | | 31 | ബാലൻസ് c/d | | 641.70 |
| | | | 1369.20 | | | | 1369.20 |
| ആഗസ്റ്റ്1 | ബാലൻസ് b/d | | 641.70 | | | | |

## അനുബന്ധം 1

### ബാങ്ക് സ്റ്റേറ്റ്മെന്റ്

അക്കൗണ്ട് : ഗോൾഡൻ വാലി കമ്പനി

അക്കൗണ്ട് നമ്പർ : 79 0 1 4 4 5 6

ലെഡ്ജർ നമ്പർനമ്പർ : 17

തീയതി : 2017 ജൂലൈ 31

| തീയതി | വിവരണം | ഡെബിറ്റ് | ക്രെഡിറ്റ് | ബാക്കി |
|---|---|---|---|---|
| 2005 | | | | |
| ജൂലൈ 01 | നീക്കിയിരിപ്പ് | | | 756.20 Cr. |
| ജൂലൈ 04 | ചെക്ക് | | 220.00✓ | 976.20 Cr. |
| ജൂലൈ 09 | 004450 | 50.00✓ | | 926.20 Cr. |
| ജൂലൈ 14 | 004452 | 10.00✓ | | 916.20 Cr. |
| ജൂലൈ 16 | സുഭാഷ് ആൻഡ് കമ്പനി | 89.00✓ | | 827.20 Cr. |

| | | | | |
|---|---|---|---|---|
| ജൂലൈ 19 | ചെക്കുകൾ | | 330.00✓ | 1157.20 Cr. |
| ജൂലൈ 24 | 004455 | 250.00✓ | | 907.20 Cr. |
| ജൂലൈ 26 | ഇൻഷുറൻസ് പ്രീമിയം | 122.00✓ | | 785.20 Cr. |
| ജൂലൈ 30 | 004454 | 49.00✓ | | 736.20 Cr. |
| ജൂലൈ 31 | ബാങ്ക് ചാർജുകൾ | 12.95 | | 723.25 Cr. |
| ജൂലൈ 31 | ശോഭ ലിമിറ്റഡ് | | 179.75 | 903.00 Cr. |

**അനുബന്ധം – 2**

**ഘട്ടം 1:** ക്യാഷ്ബുക്കിലെയും പാസ്ബുക്കിലെയും പൊതുവായ ഇനങ്ങൾക്ക് അനുബന്ധം രണ്ടിൽ കാണിച്ചിരിക്കുന്ന പ്രകാരം ശരി (✓) അടയാളം ഇടുക.

**ഘട്ടം 2:** ബാങ്ക് സ്റ്റേറ്റ്മെന്റ് അടിസ്ഥാനത്തിൽ ക്യാഷ് ബുക്ക് ക്രമീകരിക്കുക.

ബാങ്ക് സ്റ്റേറ്റ്മെന്റിലെ ശരിയടയാളം ഇല്ലാത്ത ഇനങ്ങൾ ഗോൾഡൻ വാലി കമ്പനിയുടെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തവയാണ്. അവ

(i) ശോഭാ ലിമിറ്റഡിൽ നിന്നും ജൂലൈ 31ന് ലഭിച്ചത് ₹ 179. 75

(ii) ബാങ്ക് ചാർജിനത്തിൽ ജൂലൈ 31ന് ഈടാക്കിയത് ₹ 12.95

മുകളിൽപ്പറഞ്ഞ ഇനങ്ങൾ ക്യാഷ്ബുക്കിൽ താഴെപ്പറയുന്ന വിധം ക്രമീകരിച്ചിരിക്കുന്നു. (അനുബന്ധം 3). ക്രമീകരിച്ച ഇനങ്ങൾ കടുത്ത നിറത്തിൽ കാണിച്ചിരിക്കുന്നു.

**ഗോൾഡൻ വാലി കമ്പനി ക്യാഷ് ബുക്ക് (സംക്ഷിപ്തം)**

| തീയതി | വരവ് | ബാങ്ക് | തീയതി | ഒടുക്കൽ | ബാങ്ക് |
|---|---|---|---|---|---|
| 2005 | | 2005 | | | |
| ജൂലൈ31 | ബാലൻസ് b/d | 641.70 | ജൂലൈ31 | **ബാങ്ക് ചാർജുകൾ** | **12.95** |
| ജൂലൈ31 | **ശോഭ ലിമിറ്റഡ്** | **179.75** | ജൂലൈ31 | ബാലൻസ് c/d | 808.50 |
| | | 821.45 | | | 821.45 |
| ആഗസ്റ്റ് 1 | ബാലൻസ് b/d | 808.50 | | | |

**അനുബന്ധം 3**

**ഘട്ടം 3 :** ക്യാഷ്ബുക്കിന്റെ ബാങ്ക് കോളം ക്രമീകരിക്കുക

അനുബന്ധം 3 പ്രകാരം ബാലൻസ് നീക്കിയിരിപ്പ് ₹808.50 ആണ്. എന്നാൽ അനുബന്ധം രണ്ടുമായി താരതമ്യം ചെയ്യുമ്പോൾ ₹94.50 (അതായത് ₹903.00 – ₹808.50) ഇപ്പോഴും നിലനിൽക്കുന്നു.

**ഘട്ടം 4 :** ക്യാഷ്ബുക്കിൽ ശരിയടയാളം ഇല്ലാത്ത ഇനങ്ങൾ കണ്ടെത്തുക

ഇവ, (i) രാജൻ ബ്രദേഴ്സിൽ നിന്ന് ജൂലൈ 31ന് ലഭിച്ച തുക ₹63.00

(ii) ജൂലൈ രണ്ടിന് ഗായത്രി കമ്പനിക്ക് ഒടുക്കിയ തുക (ചെക്ക് നമ്പർ 004451) ₹130.00

(iii) ജൂലൈ എട്ടിന് സജീവ് കമ്പനിക്ക് ഒടുക്കിയ തുക (ചെക്ക് നമ്പർ 004453) ₹27.50

മുകളിൽപ്പറഞ്ഞ മൂന്നിനങ്ങളും സമയ ഭിന്നത മൂലം ആഗസ്റ്റ് മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റിലാണ് കാണിക്കുന്നത്, ആയതിനാൽ ഈ മൂന്ന് ഇനങ്ങൾ ഉപയോഗിച്ച് ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കാം.

**ഗോൾഡൻ വാലി കമ്പനി**

**ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക – 2010 ജൂലൈ 31**

| | വിവരണം | തുക | തുക |
|---|---|---|---|
| | ക്യാഷ്ബുക്ക് പ്രകാരമുള്ള ബാലൻസ് b/d | | 808.50 |
| കൂട്ടുക (+) | ബാങ്കിൽ സമർപ്പിക്കാത്ത ചെക്കുകൾ | | |
| | ഗായത്രി കമ്പനി | 130.00 | |
| | സജീവ് കമ്പനി | 27.50 | 157.50 |
| | | | 966.00 |
| കിഴിക്കുക (–) | രാജൻ ബ്രദേഴ്സിൽ നിന്നും കിട്ടിയ തുക | | 63.00 |
| | പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | | 903.00 |

**സ്വയം ചെയ്യുക**

ഒരു ചെറുകിട അച്ചടി കമ്പനിയായ കാമരാജ് ലിമിറ്റഡിലെ അക്കൗണ്ടന്റ് ട്രെയിനിയായി നിങ്ങളെ നിയമിച്ചിരിക്കുന്നു. നിങ്ങളുടെ കർത്തവ്യത്തിൽ കമ്പനിയുടെ ക്യാഷ് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തുക, ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഇടപാടുകൾ താരതമ്യം ചെയ്ത് ക്യാഷ് ബുക്കിന് വേണ്ട ഭേദഗതി വരുത്തുക എന്നിവയുമുൾപ്പെടുന്നു. ഈ മാസാവസാനത്തെ ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക തയാറാക്കാൻ നിങ്ങളോട്

നിർദേശിക്കുന്നു. കമ്പനിയുടെ ക്യാഷ്ബുക്ക് (ബാങ്കിടപാടുകൾ മാത്രം), ബാങ്ക് സ്റ്റേറ്റ്മെന്റുകൾ എന്നിവ താഴെ തന്നിരിക്കുന്നു.

കമ്പനിയുടെ ക്യാഷ് ബുക്കും ബാങ്ക് സ്റ്റേറ്റ്മെന്റും പേജ് നമ്പർ 169 ൽ അനുബന്ധം 1 ൽ നൽകിയിട്ടുണ്ട്.

നിങ്ങൾ ചെയ്യേണ്ടത്:

(i) ക്യാഷ്ബുക്കിനെ ബാങ്ക് സ്റ്റേറ്റ്മെന്റുമായി താരതമ്യം ചെയ്യുക.

(ii) ക്യാഷ്ബുക്ക് നവീകരിക്കാൻ വേണ്ട കുറിപ്പുകൾ തയാറാക്കുക.

(iii) ക്യാഷ്ബുക്ക് പ്രകാരമുള്ള ബാങ്കിന്റെ ക്രമീകരിച്ച നീക്കിയിരിപ്പ് കണ്ടെത്തുക.

**കാമരാജ് ലിമിറ്റഡ്**

**ക്യാഷ്ബുക്ക്**

| തീയതി | വരവ് | ബാങ്ക് | തീയതി | ഒടുക്കൽ | ബാങ്ക് |
|---|---|---|---|---|---|
| 2017 | | | 2017 | | |
| ആഗസ്റ്റ് 1 | ബാലൻസ് b/d | 1946 | ആഗസ്റ്റ് 2 | ABC ഇൻഷുറൻസ് | 75 |
| 1 | മോഹനൻ & കമ്പനി | 249 | 2 | ഗോപു & കമ്പനി 200100 | 206 |
| 5 | ശ്രീ രാജേഷ് | 188 | 4 | ആയിഷ ലിമിറ്റഡ് 200101 | 315 |
| 8 | ശ്രീ അഹമ്മദ് | 150 | 7 | വണ്ടി വാടക 200102 | 211 |
| 10 | ഫെബ ലിമിറ്റഡ് | 440 | 9 | ദീപക് ഫിനാൻസ് | 120 |
| 18 | തോമസ് ലിമിറ്റഡ് | 65 | 13 | പത്മ എന്റർപ്രൈസസ് 200103 | 22 |
| 27 | രാജൻ ബാബു | 520 | 20 | റഷീദ് ലിമിറ്റഡ് 200104 | 137 |
| 30 | കെ.വി.പി. പാർട്ട്ണേഴ്സ് | 82 | 27 | ഗോകുൽ ലിമിറ്റഡ് | 270 |
| | | | 31 | ബാലൻസ് b/d | 2,284 |
| | | 3,640 | | | 3, 640 |

## ബാങ്ക് സ്റ്റേറ്റ്മെന്റ്

എസ്.ബി.ഐ.

എംജി റോഡ് കൊച്ചിൻ അക്കൗണ്ട് നമ്പർ : 23546784149

തീയതി : 31 ആഗസ്റ്റ് 2017

| തീയതി | വിവരണം | ഡെബിറ്റ് | ക്രെഡിറ്റ് | ബാക്കി |
|---|---|---|---|---|
| ആഗസ്റ്റ് 01 | മുൻബാക്കി | | | 1,946.Cr |
| 02 | ചെക്കുകൾ | | 249 | 2,195.Cr |
| 04 | ABC ഇൻഷുറൻസ് (DD) | 75 | | 2,120.Cr |
| 04 | 200101 | 315 | | 1,805.Cr |

| | | | | |
|---|---|---|---|---|
| 05 | ശ്രീരാജേഷ് | | 188 | 1,993.Cr |
| 08 | ചെക്കുകൾ | | 150 | 2,143.Cr |
| 09 | 200102 | 211 | | 1,932.Cr |
| 12 | ചെക്കുകൾ | | 440 | 2,372.Cr |
| 12 | ദീപക് ഫിനാൻസ് | 120 | | 2,252.Cr |
| 20 | ചെക്കുകൾ | | 65 | 2,317.Cr |
| 27 | ഗോകുൽ ലിമിറ്റഡ് | 270 | | 2,047.Cr |
| 30 | ജോസ് ബ്രദേഴ്സ് | | 92 | 2,139.Cr |
| 31 | ബാങ്ക് ചാർജുകൾ | 55 | | 2,084.Cr |
| 31 | സൂര്യഫിനാൻസ് | 1, 000 | | 1,084.Cr |

കമ്പനിയുടെ പേര്: ......................................

...................................... തീയതിയിലെ ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക

| | |
|---|---|
| ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | ........................ |
| *കൂട്ടുക:* – നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിക്കാത്തവ | ........................ |
| *കുറയ്ക്കുക:* – ബാങ്കിൽ നിക്ഷേപിച്ചതും ശേഖരിച്ച് വരവ് വയ്ക്കാത്തതുമായ ചെക്കുകൾ | ........................ |
| പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | ........................ |

**സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ – III**

താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് രേഖപ്പെടുത്തുക.

1. ബാങ്ക് രേഖപ്പെടുത്തുന്ന ഉപഭോക്താവിന്റെ അക്കൗണ്ടിന്റെ വിവരണമാണ് പാസ്ബുക്ക്.
2. ഒരു ബിസിനസ്സ് സ്ഥാപനം ക്യാഷ് ബുക്കിന്റെയും പാസ്ബുക്കിന്റെയും നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്താൻ ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കുന്നു, കാരണം ഈ രണ്ടു നീക്കിയിരിപ്പുകൾ വിവിധ കാരണങ്ങളാൽ വ്യത്യസ്തമായ ബാലൻസുകളാണ് കാണിക്കുന്നത്.
3. നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിക്കാത്തവ പാസ്ബുക്ക് നീക്കിയിരിപ്പ് കുറയ്ക്കാൻ കാരണമാകുന്നു.
4. പാസ്ബുക്കുമായി താരതമ്യം ചെയ്യുമ്പോൾ ബാങ്കിൽ നിക്ഷേപിച്ചതും വരവു വയ്ക്കാത്തതുമായ ചെക്കുകൾ ക്യാഷ്ബുക്കിന്റെ നീക്കിയിരിപ്പ് ഉയർത്തുന്നു.

5. നിക്ഷേപിച്ച ചെക്ക് ബാങ്ക് ശേഖരിച്ച് വരവ് വയ്ക്കാതെ വരുമ്പോൾ പാസ്ബുക്ക് ഓവർഡ്രാഫ്റ്റ്, ക്യാഷ്ബുക്ക് ഓവർഡ്രാഫ്റ്റിനേക്കാൾ കുറവായിരിക്കും.
6. ക്യാഷ്ബുക്ക് പ്രകാരം ബാങ്ക് അക്കൗണ്ടിൽ ഡെബിറ്റ് നീക്കിയിരിപ്പ് എന്നത് ബാങ്കിന്റെ ബുക്കിൽ ഉപഭോക്താവിന്റെ അക്കൗണ്ടിലെ ക്രെഡിറ്റ് നീക്കിയിരിപ്പിന് തുല്യമാണ്.
7. നൽകിയ ചെക്കുകൾ ബാങ്കിൽ സമർപ്പിക്കാതെ വരുമ്പോൾ ക്യാഷ്ബുക്കിലെ അനുകൂലനീക്കിയിരിപ്പ് ബാങ്ക് പാസ്ബുക്കിലെ നീക്കിയിരിപ്പിനേക്കാൾ കുറവായിരിക്കും.
8. ബിസിനസ്സിന്റെ ഇടപാടുകാരിൽനിന്ന് ബാങ്ക് നേരിട്ട് പണം സ്വീകരിച്ച് അക്കൗണ്ടിൽ വരവു വയ്ക്കുമ്പോൾ പാസ്ബുക്ക് നീക്കിയിരിപ്പ് ക്യാഷ്ബുക്ക് നീക്കിയിരിപ്പിനേക്കാൾ ഉയർന്നിരിക്കും.
9. സ്ഥാപനത്തിന്റെ നിർദേശപ്രകാരം ബാങ്ക് ഉപഭോക്താവിന് വേണ്ടി പണം കൊടുക്കുമ്പോൾ പാസ്ബുക്ക്നീക്കിയിരിപ്പ് ക്യാഷ്ബുക്ക് നീക്കിയിരിപ്പിനേക്കാൾ ഉയർന്നിരിക്കും.

## പാഠഭാഗത്തെ മുഖ്യപദങ്ങൾ (Key Terms)

- ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക (Bank Reconciliation statement)
- ക്യാഷ്ബുക്ക് (Cash book)
- പാസ്ബുക്ക് (Pass book)

## പഠനനേട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ള സംഗ്രഹം

1. **ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക :** ക്യാഷ്ബുക്കിലെ ബാങ്ക് നീക്കിയിരിപ്പും പാസ്ബുക്കിന്റെയോ ബാങ്ക് പട്ടികയുടെയോ നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസങ്ങളും, അതിനുള്ള കാരണങ്ങളും അവയുടെ പൊരുത്തപ്പെടുത്തലും കാണിക്കുന്ന ഒരു പട്ടികയാണ് ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക. ഇത് ബാങ്ക് അനുരഞ്ജനപ്പട്ടിക എന്നും അറിയപ്പെടുന്നു.
2. **വ്യതിയാനങ്ങളുടെ കാരണങ്ങൾ**

   വ്യതിയാനങ്ങളുടെ കാരണങ്ങൾ രണ്ടായി തരംതിരിക്കാം
   - ഇടപാടുകൾ രേഖപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന കാലതാമസം
   - സ്ഥാപനമോ ബാങ്കോ ഇടപാടുകൾ രേഖപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന പിഴവുകൾ
3. **കൃത്യമായ പണത്തിന്റെ നീക്കിയിരിപ്പ്:** ചില വരവുകളും ഒടുക്കലുകളും രേഖപ്പെടുത്തുമ്പോൾ സ്ഥാപനത്തിനോ ബാങ്കിനോ ചില വിട്ടുപോകലുകളും പിഴവുകളും സംഭവിക്കാറുണ്ട്. ലഭ്യമായ വിവരത്തിന്റെയും കണക്കുകളുടെയും അടിസ്ഥാനത്തിൽ ഈ വിട്ടുപോകലുകളും പിഴവുകളും തിരുത്തേണ്ടതാണ്. ഇങ്ങനെ തിരുത്തിക്കിട്ടുന്ന നീക്കിയിരിപ്പാണ് കൃത്യമായ പണത്തിന്റെ നീക്കിയിരിപ്പ്.

## പരിശീലന ചോദ്യങ്ങൾ

### ഹ്രസ്വോത്തര ചോദ്യങ്ങൾ

1. ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കേണ്ടതിന്റെ ആവശ്യകതയെന്ത്?
2. ബാങ്ക് ഓവർഡ്രാഫ്റ്റ് എന്നാൽ എന്താണ്?
3. ഒരു ഉദാഹരണത്തിന്റെ സഹായത്തോടെ 'ബാങ്കിന്റെ തെറ്റായ ഡെബിറ്റ്' എന്ന പ്രസ്താവന വിശദീകരിക്കുക
4. സമയവ്യതിയാനം മൂലം നീക്കിയിരിപ്പുകൾക്ക് ഉണ്ടാകുന്ന വ്യത്യാസങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുക?
5. ക്യാഷ്ബുക്കിന്റെ അനുകൂല നീക്കിയിരിപ്പ് എന്നത് എന്താണെന്ന് ചുരുക്കിപ്പറയുക.
6. ശരിയായ ക്യാഷ്ബുക്ക് ബാലൻസ് കണക്കാക്കുന്നതിനുള്ള നടപടികൾ വിവരിക്കുക.

### ദീർഘോത്തര ചോദ്യങ്ങൾ

1. ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക എന്നാൽ എന്താണ്? എന്തിനാണ് അത് തയാറാക്കുന്നത്?
2. 'ബാങ്ക് പാസ്ബുക്കിൽ കാണിച്ചിരിക്കുന്ന ബാലൻസ് ക്യാഷ്ബുക്കിന്റെ ബാങ്ക് കോളത്തിൽ കാണിക്കുന്ന ബാലൻസുമായി തുല്യമാകുന്നില്ല.' ഇതിന്റെ കാരണങ്ങൾ വിശദീകരിക്കുക.
3. ഭേദഗതി ചെയ്ത ക്യാഷ്ബുക്കിന്റെ അടിസ്ഥാനത്തിൽ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുന്ന വിധം വിശദീകരിക്കുക

### സാംഖിക ചോദ്യങ്ങൾ (Numerical Questions)

1. താഴെ തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2017 മാർച്ച് മാസത്തിലെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുക.

(i) ക്യാഷ്ബുക്ക് പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പ് ₹3200

(ii) നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിച്ചിട്ടില്ലാത്തത് ₹1800

(iii) ബാങ്കിൽ നിക്ഷേപിച്ച ചെക്കുകളിൽ 2017 മാർച്ച് 31 വരെ ശേഖരിച്ച് വരവ് വയ്ക്കാത്ത ചെക്കുകൾ ₹2000

(iv) ബാങ്ക് ഡെബിറ്റ് ചെയ്ത ബാങ്ക് ചാർജ്ജ് ₹150

(ഉത്തരം : പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹2,850)

2. 2017 മാർച്ച് 31 നു ക്യാഷ്ബുക്കിലെ ബാങ്ക് കോളത്തിൽ ₹3,730 ബാങ്ക് നീക്കിയിരിപ്പായി കാണുന്നു. എന്നാൽ ബാങ്ക് പാസ് ബുക്ക് പ്രകാരം ₹700 , ₹150 , ₹1200 എന്നീ തുകയ്ക്കുള്ള ചെക്കുകൾ ബാങ്കിൽ സമർപ്പിച്ചതായി കാണുന്നില്ല. അതുപോലെ ബാങ്കിൽ നിക്ഷേപിച്ച ₹1,200 രൂപയുടെ ചെക്ക് അക്കൗണ്ടിൽ വരവ് ചെയ്തിട്ടില്ല.

ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക തയാറാക്കുക.

(ഉത്തരം : പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹4,580)

3. സ്ഥാപനത്തിന്റെ ക്യാഷ് ബുക്ക് ₹7,800 രൂപ ബാങ്ക് നീക്കിയിരിപ്പ് കാണിക്കുന്നു. എന്നാൽ പാസ്ബുക്കുമായി താരതമ്യം ചെയ്തപ്പോൾ താഴെപ്പറയുന്ന വ്യത്യാസങ്ങൾ കാണാൻ സാധിച്ചു.

i) നിക്ഷേപിച്ച ചെക്കിൽ ₹3,000 രൂപയുടെ ചെക്ക് ശേഖരിച്ച് വരവ് വച്ചിട്ടില്ല.

ii) നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിക്കാത്തവ ₹1,500.

iii) സ്ഥാപനത്തിന്റെ ഇൻഷുറൻസ് തുകയായി ₹2,000 രൂപ ബാങ്ക് അടച്ചു.

iv) ബാങ്ക് നിക്ഷേപ തുകയ്ക്ക് ₹400 രൂപ പലിശ വരവ് വച്ചിരിക്കുന്നു.

v) ബാങ്ക് ചാർജ് ₹100 അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തിരിക്കുന്നു.

vi) സ്ഥാപനത്തിന്റെ ഒരു ഇടപാടുകാരൻ നേരിട്ട് ₹4,000 രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു.

ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുക.

(ഉത്തരം : പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹8,600)

4. 2016 ഡിസംബർ 31ന് ശ്രീ അതുലിന്റെ ക്യാഷ് ബുക്കിൽ ₹40,000 ബാങ്ക് നീക്കിയിരിപ്പ് കാണിക്കുന്നു. എന്നാൽ അതുൽ ഡിസംബറിൽ ബാങ്കിൽ നിക്ഷേപിച്ച മൂന്നു ചെക്കുകളിൽ യഥാക്രമം ₹2,000, ₹5,000, ₹8,000 എന്നിവ 2017 ജനുവരി രണ്ടുവരെ പാസ്ബുക്കിൽ ശേഖരിച്ച് വരവ് ചെയ്തതായി കാണുന്നില്ല. 2017 ഡിസംബർ 28 ന് നൽകിയ രണ്ട് ചെക്കുകൾ യഥാക്രമം ₹7,000, ₹8,000 എന്നിവ 2017 ജനുവരി 3 വരെ ബാങ്കിൽ സമർപ്പിച്ചിട്ടില്ല. ഇതു കൂടാതെ ബാങ്ക് നിക്ഷേപത്തുകയ്ക്ക് ₹320 രൂപ പലിശയും ബാങ്ക് സേവനത്തിന് പ്രതിഫലമായി ₹50 രൂപയും പാസ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന് തുല്യമായ ഇടപാടുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക തയാറാക്കുക.

(ഉത്തരം : പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹40,270)

5. ശ്രീ നൗഷാദിന്റെ ക്യാഷ്ബുക്ക് പ്രകാരം 2017 മാർച്ച് 31 ന് ₹40,960 അനുകൂല നീക്കിയിരിപ്പ് കാണിക്കുന്നു. എന്നാൽ പാസ് ബുക്കുമായി താരതമ്യം ചെയ്യുമ്പോൾ താഴെപ്പറയുന്ന വ്യത്യാസങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

i) 2017 മാർച്ച് 31 ന് ബാങ്ക് ഈടാക്കിയ പ്രതിഫലത്തുകയായ ₹100 രൂപ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ii) ശ്രീ. നൗഷാദ് നൽകിയ ₹12,980 രൂപയുടെ ചെക്കുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മാർച്ച് 31 വരെ ഈ ചെക്കുകൾ പണം പിൻവലിക്കുന്നതിന് വേണ്ടി ബാങ്കിൽ സമർപ്പിച്ചിട്ടില്ല.

iii) 2017 മാർച്ച് 21ന് നൗഷാദിന്റെ ഒരു ഇടപാടുകാരൻ നേരിട്ട് നൗഷാദിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച ₹2,000 രൂപയുടെ ഇടപാട് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

iv) 6,900 രൂപയുടെ ഒരു വിനിമയ ബില്ല് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്ത് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡിസ്കൗണ്ട് തുകയായ 800 രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

v) 2017 മാർച്ച് 31 ന് ബാങ്കിൽ പണമായി നിക്ഷേപിച്ച 3,520 രൂപയുടെ ഇടപാട് നാളിതുവരെ ബാങ്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല

vi) 2017 മാർച്ച് 15ന് ബാങ്കിൽ സമർപ്പിച്ച ശ്രീ ഭാനുവിന്റെ 650 രൂപയുടെ ചെക്ക് നിരാകരിക്കപ്പെട്ട വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുക.

(ഉത്തരം: പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹50,870)

6. ശ്രീ ഗോപാലൻ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2016 ഡിസംബർ 31 ന് ഒരു ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക തയാറാക്കുക.

പാസ്ബുക്ക് പ്രകാരമുള്ള അനുകൂല നീക്കിയിരിപ്പ് ₹7,000.

i) ഒരു ഇടപാടുകാരൻ ഗോപാലന്റെ അക്കൗണ്ടിൽ നേരിട്ട് നിക്ഷേപിച്ച ചെക്കിന്റെ തുക ₹1,000.

ii) പലിശയിനത്തിൽ ബാങ്ക് 700 രൂപ ഗോപാലന്റെ അക്കൗണ്ടിൽ വരവ് വച്ചിരിക്കുന്നു.

iii) 3,000 രൂപയുടെ ചെക്കുകൾ നൽകിയതിൽ 1,000 രൂപയുടെ ഒരു ചെക്ക് നാളിതുവരെ ബാങ്കിൽ സമർപ്പിച്ചിട്ടില്ല.

(ഉത്തരം ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹4,300)

7. താഴെ തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ക്യാഷ് ബുക്കിന്റെ 2017 ഡിസംബർ 31 ലെ ബാങ്ക് നീക്കിയിരിപ്പ് കാണിക്കുന്ന ഒരു ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക തയാറാക്കുക.

i) ഒക്ടോബറിൽ ബാങ്കിൽ നിക്ഷേപിച്ച രണ്ട് ചെക്കുകൾ യഥാക്രമം ₹2,000, ₹5,000 ഡിസംബർ മാസം അവസാനം വരെ ശേഖരിച്ച് വരവ് വച്ചിട്ടില്ല.

ii) 2017 ഡിസംബറിൽ ഒരു ഇടപാടുകാരനിൽ നിന്ന് ലഭിച്ച 800 രൂപയുടെ ചെക്ക് ക്യാഷ്ബുക്കിന്റെ ബാങ്ക് കോളത്തിൽ രേഖപ്പെടുത്തി, എന്നാൽ ബാങ്കിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല.

iii) ഇടപാടുകാരന് നൽകിയ 10,000 രൂപയുടെ ചെക്കിന്റെ തുക ഡിസംബർ 31, 2017 വരെ ബാങ്കിൽ വരവ് വച്ചിട്ടില്ല.

iv) ₹1,000 രൂപ, നിക്ഷേപത്തിന്റെ പലിശയിനത്തിൽ ബാങ്ക് ശേഖരിച്ചു വരവ് വച്ചിട്ടുണ്ട്. എന്നാൽ ഇത് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയില്ല.

പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹50,000

(ഉത്തരം : ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹46,800)

8. ശ്രീ കുമാറിന്റെ പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹3,000 രൂപയാണ്.

(a) ബാങ്കിൽ നിക്ഷേപിച്ച താഴെപ്പറയുന്ന ചെക്കുകൾ ഇതുവരെ ശേഖരിച്ച് വരവ് വച്ചിട്ടില്ല

രാജേഷ് കുമാർ ₹1,000

അനിൽകുമാർ ₹500

(b) ബാങ്ക് ചാർജ് ഈടാക്കിയത് ₹300

(c) ഇടപാടുകാർക്ക് നൽകിയ ചെക്കുകളിൽ ബാങ്കിൽ സമർപ്പിക്കാത്തവ

ഹമീദ് ₹2,000

ജോസഫ് ₹500

(d) പാസ്ബുക്കിൽ രേഖപ്പെടുത്തിയതും എന്നാൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തതുമായ നിക്ഷേപത്തിന്റെ പലിശ ₹100.

ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുക.

(ഉത്തരം : ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ₹2,200)

9. 2017 ഡിസംബർ 31 ന് ശ്രീ മൂർത്തിയുടെ പാസ്ബുക്കിൽ കറന്റ് അക്കൗണ്ട് നീക്കിയിരിപ്പായി ₹20,000 ക്രെഡിറ്റ് കാണിക്കുന്നു. താഴെത്തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുക.

i) സേവിങ്സ് അക്കൗണ്ടിൽ നിന്ന് ₹400 ചെക്കെഴുതി പിൻവലിച്ചു, എന്നാൽ അത് രേഖപ്പെടുത്തിയിരിക്കുന്നത് കറണ്ട് അക്കൗണ്ടിലാണ്.

ii) ഡിസംബർ 25 ന് ഇടപാടുകാർക്ക് നൽകിയ ₹300, ₹500 എന്നീ ചെക്കുകളിൽ ആദ്യം പറഞ്ഞ ചെക്കു മാത്രമേ പണം പിൻവലിക്കുന്നതിനുവേണ്ടി ബാങ്കിൽ നൽകിയിട്ടുള്ളൂ.

iii) ഡിസംബർ 25 ന് ശ്രീ. മൂർത്തി നൽകിയ ₹500 ന്റെ ചെക്ക് ബാങ്കിൽ നിന്ന് പണമാക്കിയിട്ടില്ല. എന്നാൽ ക്യാഷ് ബുക്കിൽ ഇത് രണ്ടുപ്രാവശ്യം രേഖപ്പെടുത്തിയിട്ടുണ്ട്.

(ഉത്തരം :ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പു തുക ₹18,900)

**ക്യാഷ്ബുക്കിൽ ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് ആകുമ്പോൾ.**

10. 2017 ജനുവരി ഒന്നിന് ശ്രീ രാഗേഷിന്റെ ക്യാഷ് ബുക്കിലെ ബാങ്ക് കോളം ₹8,000 രൂപ അധികപ്പറ്റ് നീക്കിയിരിപ്പ് കാണിക്കുന്നു. ₹2,000 രൂപയുടെ ചെക്ക് ബാങ്കിൽ നിക്ഷേപിച്ചു എങ്കിലും 2017 ജനുവരി 1 വരെ ഇത് ബാങ്ക് ശേഖരിച്ച് വരവ് വച്ചിട്ടില്ല. ഇടപാടുകാർക്ക് നൽകിയ ₹800 രൂപയുടെ ചെക്ക് നാളിതുവരെ ബാങ്കിൽ സമർപ്പിച്ചിട്ടില്ല. പാസ്ബുക്കിൽ ₹100 രൂപ ബാങ്ക് ചാർജായും 60 രൂപ പലിശ ഇനത്തിലും ഡെബിറ്റ് ചെയ്തതായി കാണിക്കുന്നു. നീക്കിയിരിപ്പുകൾ താരതമ്യം ചെയ്ത് ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കുക.

(ഉത്തരം : പാസ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് ₹9,360)

11. ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക തയാറാക്കുക.

(i) ക്യാഷ്ബുക്കിലെ ബാങ്ക് കോളം 2015 ഡിസംബർ 31 ന് ₹10,000 ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് കാണിക്കുന്നു.

(ii) പാസ്ബുക്കിൽ 100 രൂപ ബാങ്ക് ചാർജായി ഡെബിറ്റ് ചെയ്തിരിക്കുന്നു.

(iii) 2017 ഡിസംബർ 31 ന് പാസ്ബുക്കിൽ ആറുമാസത്തെ ഓവർഡ്രാഫ്റ്റിന്റെ പലിശയായി 380 രൂപ ഡെബിറ്റ് ചെയ്തു രേഖപ്പെടുത്തിയതായി കാണിക്കുന്നു.

(iv) നൽകിയ ചെക്കിൽ 2017 ഡിസംബർ 31 വരെ പണം പിൻവലിക്കാത്തത് ₹2,150.

(v) പാസ്ബുക്കിൽ ബാങ്ക് നേരിട്ട് ശേഖരിച്ച് വരവുവച്ച നിക്ഷേപത്തിന്റെ പലിശ ₹600.

(vi) ബാങ്കിൽ നിക്ഷേപിച്ച 1,100 രൂപയുടെ ചെക്ക് നാളിതുവരെ ശേഖരിച്ചു വരവു വച്ചിട്ടില്ല.

(ഉത്തരം : പാസ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് ₹8,830)

12. കുമാറിന്റെ ക്യാഷ്ബുക്കിലെ ബാങ്ക് കോളം ₹90,600 ക്രെഡിറ്റ് നീക്കിയിരിപ്പ് കാണിക്കുന്നു. എന്നാൽ പാസ്ബുക്കുമായി താരതമ്യം ചെയ്തപ്പോൾ താഴെപ്പറയുന്ന വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

ക്യാഷ്ബുക്കിന്റെ ബാങ്ക് നിരയിൽ ഡെബിറ്റ് ചെയ്ത ₹1,000 രൂപയുടെ ഒരു പിൻതീയതി ചെക്ക് നാളിതുവരെ ബാങ്കിൽ നിക്ഷേപിച്ചിട്ടില്ല. അതേസമയം ശ്രീ പ്രകാശിന് നൽകിയ ₹8,000 ചെക്കിന്റെ തുക അദ്ദേഹം ഇതുവരെ ബാങ്കിൽ നിന്ന് പിൻവലിച്ചിട്ടില്ല.

ബാങ്കിൽ വരവു വയ്ക്കാൻ നിക്ഷേപിച്ച രണ്ട് ചെക്കുകളിൽ ₹1,500 രൂപ മൂല്യമുള്ള ഒരെണ്ണം ബാങ്ക് ശേഖരിച്ച് വരവ് ചെയ്തിട്ടില്ല. ₹5,000 രൂപ മൂല്യമുള്ള മറ്റൊന്ന് നിരാകരിക്കപ്പെട്ടു.

(ഉത്തരം : പാസ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് (₹90,100)

13. 2017 ഡിസംബർ 1 ന് ശ്രീ രാജേഷ് അസോസിയേറ്റ്സിന്റെ ക്യാഷ്ബുക്കിന്റെ ബാങ്ക് കോളം ₹6,920 ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് കാണിക്കുന്നു. താഴെ തന്നിരിക്കുന്ന വിവരങ്ങളിൽ നിന്ന് പാസ്ബുക്കിന്റെ നീക്കിയിരിപ്പ് കാണിക്കുന്ന ഒരു ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കുക.

i) ഓവർഡ്രാഫ്റ്റിന്റെ പലിശയിനത്തിൽ 200 രൂപയും വിനിമയ ബില്ലുകൾ ശേഖരിക്കുന്നതിന്റെ പ്രതിഫലമായി 50 രൂപയും പാസ്ബുക്കിൽ ഡെബിറ്റ് ചെയ്തിരിക്കുന്നു.

ii) 2017 ഡിസംബർ 31 വരെ നൽകിയതും പണം പിൻവലിക്കാത്തതുമായ ചെക്കുകൾ 4,000.

iii) ബാങ്ക് പാസ് ബുക്കിൽ വരവ് ചെയ്ത പലിശ തുക 600.

iv) മുൻപ് ബാങ്കിൽ ഡിസ്കൗണ്ട് ചെയ്ത കിട്ടാനുള്ള 700 രൂപയുടെ ഒരു വിനിമയ ബില്ല് നിരാകരിക്കപ്പെട്ട വിവരം പാസ്ബുക്കിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു.

v) ശേഖരിച്ച് വരവുവയ്ക്കാനായി ബാങ്കിൽ നിക്ഷേപിച്ച 6,000 രൂപ മൂല്യമുള്ള ഒരു ചെക്ക് 2017 ഡിസംബർ 31 വരെ ശേഖരിച്ച് അക്കൗണ്ടിൽ വരവു വച്ചിട്ടില്ല.

(ഉത്തരം : പാസ്ബുക്കിന്റെ ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് ₹9,270)

**പാസ്ബുക്കിന്റെ ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് തന്നിരുന്നാൽ**

14. 2017 ഡിസംബർ 31 ന് ശ്രീ മുനീറിന്റെ ബാങ്ക് പൊരുത്തപ്പെടുത്തലുകൾ പട്ടിക തയാറാക്കുക.

i) പിൻവലിക്കാൻ നൽകിയ 550 രൂപയുടെ ചെക്കിന്റെ ഇടപാട് പാസ്ബുക്കിൽ രണ്ടു പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു.

ii) പാസ്ബുക്കിന്റെ പിൻവലിക്കൽ ഭാഗത്ത് 200 രൂപ താഴ്ത്തി കാണിച്ചിരിക്കുന്നു.

iii) 200 രൂപയുടെ ഒരു ചെക്ക് ക്യാഷ് ബുക്കിന്റെ ബാങ്ക് നിരയിൽ ഡെബിറ്റ് ചെയ്തിട്ടുണ്ട് എന്നാൽ അത് ബാങ്കിൽ വരവു വയ്ക്കാൻ അയച്ചിട്ടില്ല.

iv) 300 രൂപയുടെ ഒരു ചെക്ക് ക്യാഷ്ബുക്കിൽ ഡെബിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ആ ചെക്ക് ബാങ്കിൽ നൽകിയിട്ടില്ല.

v) പാസ്ബുക്കിൽ രേഖപ്പെടുത്തിയ നിരാകരിക്കപ്പെട്ട 500 രൂപയുടെ ചെക്കിന്റെ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

vi) പാസ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് ₹20,000

(ഉത്തരം : ക്യാഷ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് ₹18,650)

15. ശ്രീ മുരളിയുടെ പാസ്ബുക്കിൽ 20,000 രൂപ ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് കാണിക്കുന്നു. തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2017 ഡിസംബർ 31ന് അദ്ദേഹത്തിന്റെ ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കുക.

i) പാസ്ബുക്കിൽ മാത്രം ഡെബിറ്റ് ചെയ്ത ബാങ്ക് പ്രതിഫലത്തുക ₹500.

ii) ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ 2,500 രൂപയുടെ ചെക്ക് ബാങ്കിൽ ശേഖരിച്ചു വരവുവയ്ക്കാൻ അയച്ചിട്ടില്ല.

iii) ഒരു ഇടപാടുകാരൻ ബാങ്കിൽ മുരളിയുടെ അക്കൗണ്ടിൽ നേരിട്ട് പണം നിക്ഷേപിച്ച തുക ₹4,600

iv) നൽകിയ ചെക്ക് ബാങ്കിൽ സമർപ്പിച്ചിട്ടില്ലാത്തത് ₹6,980.

v) ബാങ്ക് അനുവദിച്ച നിക്ഷേപപ്പലിശ ₹100.

vi) എൽ.ഐ.സി. തുക ബാങ്ക് നേരിട്ട് അടച്ചത് ₹2,500

vii) ബാങ്കിൽ നിക്ഷേപിച്ചതും ശേഖരിച്ച് വരവു വയ്ക്കാത്തതുമായ ചെക്കുകൾ ₹3,500

(ഉത്തരം : ക്യാഷ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് ₹22,680)

16. ഗ്ലോബൽ കമ്പനിക്ക് രണ്ട് ബാങ്ക് അക്കൗണ്ടുകൾ ഉണ്ട് അക്കൗണ്ട് നമ്പർ 1, അക്കൗണ്ട് നമ്പർ 2. താഴെത്തന്നിരിക്കുന്ന ഒന്നാം അക്കൗണ്ട് നമ്പർ പ്രകാരമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2017 ഡിസംബർ 31 ലെ സ്ഥാപനത്തിന്റെ ക്യാഷ്ബുക്കിന്റെ നീക്കിയിരിപ്പ് കണ്ടെത്തുക

i) വരവു വരയ്ക്കാൻ, നിക്ഷേപിച്ച ചെക്കിന്റെ തുകയായ 10,000 രൂപ, 2017 ഡിസംബർ 31 വരെ ശേഖരിച്ച് വരവു വച്ചിട്ടില്ല.

iii) അക്കൗണ്ട് നമ്പർ രണ്ടിൽ നിന്ന് അക്കൗണ്ട് നമ്പർ ഒന്നിലേക്ക് മാറ്റിയ 8,000 രൂപയുടെ വിവരങ്ങൾ ബാങ്ക് രേഖപ്പെടുത്തി. പക്ഷേ, ക്യാഷ്ബുക്കിൽ 2017 ഡിസംബർ 31 നു ശേഷം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

iii) 2017 ഡിസംബർ 31നു മുൻപ് പിൻവലിക്കാനായി നൽകിയ 7,429 രൂപയുടെ ചെക്ക് നാളിതുവരെ ബാങ്കിൽ സമർപ്പിച്ചിട്ടില്ല.

vi) ബാങ്ക് ഈടാക്കിയതും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയതുമായ ബാങ്ക് ചാർജ് ₹200.

v) പലിശയിനത്തിൽ ബാങ്ക് ഈടാക്കിയ 550 രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

vi) പാസ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് ₹18,990

(ഉത്തരം : ക്യാഷ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് ₹23,669)

17. താഴെത്തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കി പാസ്ബുക്കിന്റെ നീക്കിയിരിപ്പ് തുക കണ്ടെത്തുക.

i) 2017 ഡിസംബർ 31 ന് പാസ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് ₹20,000

ii) ക്യാഷ്ബുക്കിൽ രേഖപ്പെടുത്താത്ത, ബാങ്ക് ഈടാക്കിയ ബാങ്ക് ഓവർഡ്രാഫ്റ്റിന്റെ പലിശ ₹2,000

iii) ബാങ്ക് നേരിട്ട് അടച്ച 200 രൂപയുടെ ഇൻഷുറൻസ് പ്രീമിയം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

iv) പിൻവലിക്കാനായി 2017 ഡിസംബർ മാസത്തിന്റെ അവസാന ആഴ്ചയിൽ നൽകിയ 3,000 രൂപയുടെയും 3,500 രൂപയുടെയും രണ്ട് ചെക്കുകൾ നാളിതുവരെ ബാങ്കിൽ സമർപ്പിച്ചിട്ടില്ല.

v) ശേഖരിച്ചു വരവു വയ്ക്കാനായി ബാങ്കിൽ നിക്ഷേപിച്ച 6,000 രൂപയുടെ ചെക്കിന്റെ തുക 2017 ഡിസംബർ 31 വരെ വരവു വച്ചതായി കാണുന്നില്ല.

vi) ബാങ്കിന്റെ പിഴവുമൂലം തെറ്റായി ഡെബിറ്റ് ചെയ്ത തുക ₹500

(ഉത്തരം : ക്യാഷ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് ₹17,800)

18. ശ്രീ തോമസിന്റെ പാസ്ബുക്ക് 2017 മാർച്ച് 31ന് ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പായി 40,950 രൂപ കാണിക്കുന്നു. താഴെത്തന്നിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2017 മാർച്ച് 31 ലെ അദ്ദേഹത്തിന്റെ ബാങ്ക് പൊരുത്തപ്പെടുത്തൽ പട്ടിക തയാറാക്കുക.

i) 2017 മാർച്ച് 27ന് പിൻവലിക്കാനായി നൽകിയ 8,000 രൂപയുടെ ചെക്കുകളിൽ 3,000 രൂപയുടെ ചെക്കിന്റെ തുക ഏപ്രിൽ മൂന്നിന് മാത്രമേ ബാങ്കിൽ രേഖപ്പെടുത്തിയിട്ടുള്ളു.

ii) ബാങ്ക് ശേഖരിച്ചു വരവു വച്ച 3,800 രൂപയ്ക്കുള്ള പലിശയുടെ ഇടപാട് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

iii) പണമായും ചെക്കായും മാർച്ച് 31 നു ബാങ്കിൽ നിക്ഷേപിച്ച് 10,900 രൂപയിൽ 3,800 രൂപയുടെ ഒരു ചെക്ക് ഏപ്രിൽ 7 നു മാത്രമേ ശേഖരിച്ചു വരവ് വയ്ക്കുകയുള്ളൂ.

iv) മാർച്ച് 28ന് ബാങ്ക് ക്രെഡിറ്റ് ചെയ്ത 780 രൂപയുടെ ഒരു ചെക്ക് നിരാകരിക്കപ്പെടുകയും ഈ വിവരം 2017 ഏപ്രിൽ 1 നു ബാങ്ക് രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ ക്യാഷ്ബുക്കിൽ ഈ ഇടപാട് ഏപ്രിൽ 15 നു മാത്രമേ രേഖപ്പെടുത്തുകയുള്ളൂ.

(ഉത്തരം : ക്യാഷ്ബുക്ക് പ്രകാരമുള്ള ഓവർഡ്രാഫ്റ്റ് നീക്കിയിരിപ്പ് ₹43,950)

## പ്രോജക്ട്

1. ഗോപിക അസോസിയേറ്റ്സിലെ ക്യാഷിയർ ആണ് നിങ്ങൾ എന്നു വിചാരിക്കുക. സ്ഥാപനത്തിന്റെ ക്യാഷ്ബുക്ക് കൈകാര്യം ചെയ്യുകയും ഓരോമാസവും ബാങ്ക് അനുരഞ്ജനപ്പട്ടിക തയാറാക്കുകയും ചെയ്യുക എന്നതാണ് നിങ്ങളുടെ പ്രധാന കർത്തവ്യം. 2017 ഫെബ്രുവരി മാസത്തെ സ്ഥാപനത്തിന്റെ ക്യാഷ്ബുക്കിന്റെ ഒരു പകർപ്പും (ക്യാഷ് ബുക്കിന്റെ ബാങ്ക് നിര മാത്രം), ബാങ്ക് നൽകിയ സ്റ്റേറ്റുമെന്റും താഴെത്തന്നിരിക്കുന്നു.

- ക്യാഷ്ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റുമായി താരതമ്യം ചെയ്യുക.
- ക്യാഷ്ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റുമായി താരതമ്യം ചെയ്ത് പുതിയ ബാങ്ക് നീക്കിയിരിപ്പ് കണ്ടെത്തുക.
- ക്യാഷ്ബുക്കിന്റെ നീക്കിയിരിപ്പിൽ നിന്ന് അനുരഞ്ജനപ്പട്ടിക ആരംഭിക്കുക. നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിക്കാത്തവയുടെ പട്ടിക തയാറാക്കി, അനുരഞ്ജനപ്പട്ടികയിൽ ഉപതുകയായി കാണിക്കുക.
- ബാങ്ക് ചെയ്ത ഹ്രസ്വകാല ക്രമീകരണങ്ങളുടെ വിശദാംശങ്ങൾ നൽകുക.
- ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ നീക്കിയിരിപ്പ് കണ്ടെത്തുക. ഈ നീക്കിയിരിപ്പിന് ബാങ്ക് നൽകിയ സ്റ്റേറ്റ്മെന്റുമായി താരതമ്യം ചെയ്തു കൃത്യത ഉറപ്പാക്കുക.

## ഗോപിക അസോസിയേറ്റ്സ്
## ക്യാഷ് ബുക്ക്

| തീയതി | വിവരണം | ബാങ്ക് (₹'000) | തീയതി | വിവരണം | ബാങ്ക് (₹'000) |
|---|---|---|---|---|---|
| 2017 | | | 2017 | | |
| ഫെബ്രു 1 | ബാലൻസ് b/d | 1,425 | ഫെബ്രു 1 | ജോസഫ് & സൺസ് | 98 |
| 1 | രാജു&കമ്പനി | 157 | 1 | മാരുതി ലിമിറ്റഡ് 40060 | 50 |
| 4 | റഹിം | 243 | 3 | ശങ്കർ ലിമിറ്റഡ് 40061 | 540 |
| 8 | ആകാശ് ലിമിറ്റഡ് | 91 | 9 | രേവതി 40062 | 42 |
| 13 | മീര | 75 | 9 | സത്യം കമ്പ്യൂട്ടേഴ്സ് 40063 | 490 |
| 20 | ഹൈദർ&കമ്പനി | 420 | 10 | സൂര്യ ഇൻഷുറൻസ് | 300 |
| 28 | നദീം ലിമിറ്റഡ് | 94 | 16 | ശങ്കർ ഗ്യാരേജ് 40064 | 110 |
| | | | 23 | പെറ്റി ക്യാഷ് 40065 | 50 |
| | | | 27 | വിജയ&കമ്പനി 40066 | 120 |
| | | | 28 | ബാലൻസ് c/d | 705 |
| | | 2505 | | | 2505 |
| മാർച്ച് 1 | ബാലൻസ് b/d | 705 | | | |

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ**
കൈലാസ് നഗർ, തിരുവനന്തപുരം. അക്കൗണ്ട് നമ്പർ : 768765456389
തീയതി : 28 ഫെബ്രുവരി 2017

| തീയതി | വിവരണം | ഡെബിറ്റ് (₹'000) | ക്രെഡിറ്റ് (₹'000) | ബാക്കി (₹'000) |
|---|---|---|---|---|
| 2017 | | | | |
| ഫെബ്രു.1 | ബാലൻസ് b/d | | | 1,425 Cr. |
| 2 | ചെക്കുകൾ | | 157 | 1,582 Cr. |
| 2 | ജോസഫ്&സൺസ് | 98 | | 1,484 Cr. |
| 4 | 40060 | 50 | | 1,434 Cr. |
| 6 | റഹീം | | 243 | 1,677.Cr. |
| 10 | ചെക്കുകൾ | | 91 | 1,768 Cr. |
| 12 | സൂര്യ ഇൻഷുറൻസ് (DD) | 300 | | 1468 Cr. |
| 14 | മീര | | 75 | 1,543 Cr. |
| 14 | 40063 | 490 | | 1,053 Cr. |
| 23 | ചെക്കുകൾ | | 420 | 1, 473 Cr. |

| | | | | |
|---|---|---|---|---|
| 26 | മധു | 103 | | 1,370 Cr. |
| 26 | 40065 | 50 | | 1,320 Cr. |
| 27 | സൗമ്യ | | 220 | 1, 540 Cr. |
| 28 | ബാങ്ക് ചാർജുകൾ | 38 | | 1, 502 Cr. |

2. നിങ്ങൾ ഗായത്രി ലിമിറ്റഡ് കമ്പനിയുടെ അസിസ്റ്റന്റ് കാഷ്യർ ആണ് എന്ന് വിചാരിക്കുക. ക്യാഷ് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തുക, പാസ്ബുക്കുമായി ക്യാഷ് ബുക്കിനെ താരതമ്യം ചെയ്തു ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക തയാറാക്കുക എന്നിവ നിങ്ങളുടെ കർത്തവ്യങ്ങളിൽപ്പെടുന്നു. 2017 ഒക്ടോബർ മാസത്തെ കമ്പനിയുടെ ക്യാഷ്ബുക്ക് (ബാങ്ക് നിര മാത്രം), പാസ്ബുക്ക് എന്നിവ ചുവടെ തന്നിരിക്കുന്നു.

- ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക തയാറാക്കുക.
- ക്യാഷ്ബുക്ക് ഭേദഗതി ചെയ്യാൻ വേണ്ട എൻട്രികൾ കുറിക്കുക.
- ക്യാഷ് ബുക്കിന്റെ ബാങ്ക് കോളം ബാലൻസ് ചെയ്ത് പുതുക്കിയ ബാങ്ക് ബാലൻസ് കണ്ടെത്തുക
- ക്യാഷ്ബുക്കിന്റെ നീക്കിയിരിപ്പിൽ നിന്ന് ബാങ്ക് പൊരുത്തപ്പെടുത്തൽപ്പട്ടിക ആരംഭിക്കുക, പിൻവലിക്കാനായി നൽകിയ ചെക്കിൽ ബാങ്കിൽ സമർപ്പിക്കാത്തതു കണ്ടെത്തി അവയുടെ തുക പൊരുത്തപ്പെടുത്തൽ പട്ടികയിൽ ഉപതുകയായി കാണിക്കുക.
- നിക്ഷേപിച്ച ചെക്കിൽ ബാങ്ക് ശേഖരിച്ചു വരവ് വയ്ക്കാത്തവ കണ്ടെത്തുക.
- പൊരുത്തപ്പെടുത്തിയ പട്ടികയുടെ അടിസ്ഥാനത്തിൽ പാസ്ബുക്ക് ബലൻസുമായി താരതമ്യം ചെയ്തു കൃത്യത ഉറപ്പു വരുത്തുക.

**ഗായത്രി ലിമിറ്റഡ്**
**ക്യാഷ്ബുക്ക്**

| തീയതി | വിവരണം | ബാങ്ക് (₹'000) | തീയതി | വിവരണം | ബാങ്ക് (₹'000) |
|---|---|---|---|---|---|
| 2017 | | | 2017 | | |
| ഒക്ടോ.1 | ബാലൻസ് b/d | 2,521 | ഒക്ടോ.1 | രോഹിത് & ബ്രോസ് | 400 |
| 4 | ഖദീജ | 620 | 4 | രമേശ് 32407 | 367 |
| 8 | ബിനു & ബ്രോസ് | 27 | 5 | കൃപ & സേതു 32408 | 1108 |
| 11 | ഗ്ലാഡ്സൺ Ltd. | 48 | 8 | ഗോകുൽ ബ്രോസ് 32408 | 320 |
| 11 | പൈ&കമ്പനി. | 106 | 13 | ജെയ്സൺ 32410 | 32 |
| 12 | ഷംസീർ | 301 | 14 | ജയലാൽ 32411 | 28 |

| | | | | | |
|---|---|---|---|---|---|
| 20 | രശ്മി & കമ്പനി. | 58 | 22 | സൺ ഇൻഷുറൻസ് (DD) | 139 |
| 25 | ജോസഫ് | 209 | 25 | പ്രണവ് 32412 | 1800 |
| 31 | ബാലൻസ് c/d | 604 | 30 | രാഹുൽ | 300 |
| | | 4,494 | | | 4,494 |
| | | | നവംബർ1 | ബാലൻസ് b/d | 604 |

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ**
**ജവഹർ ലൈൻ, കടപ്പാക്കട, കൊല്ലം** **അക്കൗണ്ട് നമ്പർ 342541565**
**തീയതി :28 ഒക്ടോബർ 2017**

| തീയതി | വിവരണം | ഡെബിറ്റ് (₹'000) | ക്രെഡിറ്റ് (₹'000) | ബാക്കി (₹'000) |
|---|---|---|---|---|
| 2017 | | | | |
| ഒക്ടോ. 01 | ബാലൻസ് b/d | | | 2,521 Cr. |
| 1 | രോഹിത് & ബ്രോസ് | 400 | | 2,121 Cr. |
| 4 | ഖദീജ | | 620 | 2,741 Cr. |
| 7 | 32402 | 367 | | 2,374 Cr. |
| 11 | ചെക്കുകൾ | | 154 | 2,528 Cr. |
| 13 | ഷൈനി | | 301 | 2,829 Cr. |
| 15 | ചെക്കുകൾ | | 27 | 2,856 Cr. |
| 18 | 32402 | 320 | | 2,536 Cr. |
| 18 | 32401 | 1,108 | | 1,428 Cr. |
| 22 | സൺ ഇൻഷുറൻസ് (DD) | 139 | | 1,289 Cr. |
| 27 | 32405 | 1,800 | | 511 Dr. |
| 28 | ഗണേഷ് | | 114 | 397 Dr. |
| 29 | രമേശ് | 300 | | 697 Dr. |
| 29 | ബാങ്ക് പലിശ | 53 | | 750 Dr. |
| 29 | ബാങ്ക് ചാർജുകൾ | 45 | | 795 Dr. |

## സ്വയം വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

**ഉത്തര സൂചിക I**

A. (1) സമയഭിന്നത (2) പിഴവ് ഭിന്നത (3) സമയഭിന്നത
(4) സമയഭിന്നത (5) സമയഭിന്നത

B. (1) ഉപഭോക്താവിന്റെ അക്കൗണ്ട് (2) ഡെബിറ്റ് (3) ക്രെഡിറ്റ്
(4) ഡെബിറ്റ് (5) കൂട്ടുക (6) കുറയ്ക്കുക
(7) നഷ്ടം (8) നഷ്ടം (9) കൂട്ടുക
(10) കൂടുതലുള്ള

**ഉത്തര സൂചിക II**

(1) (സി) (2) (സി) (3) (എ)
(4) (ബി) (5) (ഡി) (6) (ബി)

**ഉത്തര സൂചിക III**

1. ശരി 2. ശരി 3. തെറ്റ് 4. ശരി 5. തെറ്റ് 6. ശരി
7. ശരി 8. ശരി 9. തെറ്റ്